ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2025 ജനുവരി 23 | ദീപം 57 | നാളം 45 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



# കാടിറങ്ങുന്ന വനനിയമം

## വനനിയമം ഭേദഗതിബിൽ 2024 മൃഗസംരക്ഷണത്തിനോ ജനദ്രോഹത്തിനോ?



പി.സി. സിറിയക്

സാധാരണ ജനങ്ങൾ ഏറ്റവുമധികം ഭയപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർ പൊലീസുകാരാണ്. ഏതു ജനസൗഹൃദസർക്കാരിലും ക്രമസമാധാനം ഉറപ്പുവരുത്തേണ്ടത് കർശനമായി നിയമം നടപ്പാക്കുന്ന ഒരു പൊലീസ് സേനയിലൂടെയാണ്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടതും, അവർക്കു ഭയരഹിതമായി നിയമാനുസൃതം ജീവിക്കുന്നതിനുള്ള ആത്മവിശ്വാസം പകരേണ്ടതും പൊലീസ്സേനയാണ്. ഈ സംവിധാനത്തിന്റെ അഭാവത്തിൽ കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന സ്ഥിതിയാകും.

ഇപ്പോൾ കേരളത്തിലെ വനംവകുപ്പിനു മറ്റൊരു സമാന്തരപൊലീസ്വകുപ്പുപോലെ, വനത്തിനകത്തും പുറത്തും പ്രവർത്തിച്ചാൽ കൊള്ളാമെന്ന് ഒരാഗ്രഹം! അവരുടെ ഈ ആഗ്രഹം സാധിച്ചുകൊടുക്കാൻ തയ്യാറായിരിക്കുന്നു, നമ്മുടെ മുഖ്യമന്ത്രിയും സഹമന്ത്രിമാരും. അതിനുവേണ്ടി 'കേരളവനനിയമം 1961' ൽ ഭേദഗതികൾ വരുത്താനായി 'വനനിയമം ഭേദഗതിബിൽ 2024' നിയമസഭയിലെത്തുന്നു.

ഈ ഭേദഗതിനിയമത്തിന്റെ പ്രഖ്യാപിതലക്ഷ്യമായിപ്പറയുന്നത് മനുഷ്യരും വന്യമൃഗങ്ങളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുക, നമ്മുടെ വനമേഖലയെ വൃക്ഷനിബിഡമാക്കി 'വനമറ' വിപുലമാക്കുക, അങ്ങനെ കാലാവസ്ഥാമാറ്റത്തിന്റെ കെടുതികളെ പ്രതിരോധിക്കുക മുതലായവയാണ്. പക്ഷേ, ഭേദഗതിബില്ലിലെ വ്യവസ്ഥകൾ വായിച്ചുനോക്കുമ്പോൾ ഈ ലക്ഷ്യപ്രാപ്തിക്കുതകുന്ന നിർദേശങ്ങളൊന്നും കാണുന്നില്ല!

കേരളത്തിൽ വനപ്രദേശങ്ങളുടെ സമീപസ്ഥരാണ്, നാനൂറിൽപ്പരം പഞ്ചായത്തുകളിൽ ജീവിക്കുന്ന ഒന്നരക്കോടിയോളം ജനങ്ങൾ. ഈ അടുത്തകാലത്ത് വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള സന്ദർശനം വർധിച്ചിരിക്കുകയാണ്. അരിക്കൊമ്പന്മാരും ചക്കക്കൊമ്പന്മാരും അവരുടെ കൂട്ടുകാരും കൃഷിസ്ഥലങ്ങൾ നശിപ്പിക്കാനും ജനങ്ങളെ ആക്രമിക്കാനും ഉത്സുകരായിത്തീർന്നിരിക്കുന്നു. പലയിടങ്ങളിലും പുലികൾ ഇറങ്ങി കന്നുകാലികളെ തട്ടിക്കൊണ്ടുപോകുന്നു. കർഷകരെ ആക്രമിച്ചു കൊല ചെയ്യുന്നു, മാരകമായ പരിക്കേല്പിക്കുന്നു. കാട്ടുപന്നികളുടെ ശൗര്യം കാട്ടൽ അതിനുപുറമേ. 2020–21 ൽ മാത്രം കൊല്ലപ്പെട്ടത് 114 പേർ, മുറിവേല്പിക്കപ്പെട്ടവർ 758, കൊല്ലപ്പെട്ട പശുക്കളുടെ എണ്ണം 514. ഇടതുപക്ഷസർക്കാരിന്റെ കഴിഞ്ഞ എട്ടരക്കൊല്ലത്തെ ഭരണകാലത്ത് വന്യമൃഗാക്രമണംമൂലം മരണപ്പെട്ടവർ 985 പേരാണ്! കൃഷിനാശം സംഭവിച്ചത് അനേകായിരം പേരുടെ കൃഷിത്തോട്ടങ്ങളിൽ! ഈ പ്രശ്നത്തിനു പരിഹാരം കാണാൻ അടിയന്തരനടപടികളാവശ്യം.

സൗരോർജത്താൽ പ്രവർത്തിക്കുന്ന വൈദ്യുതവേലി പ്രയോജനപ്രദമാണ്. പക്ഷേ, കേരളത്തിലെ വനങ്ങളുടെ അതിർത്തി 16,000 കിലോമീറ്ററായി നീണ്ടുകിടക്കുമ്പോൾ സൗരവേലി കെട്ടിയിരിക്കുന്നത് 550 കി. മീറ്ററിൽ മാത്രമാണ്! വലിയ കിടങ്ങുകളുണ്ടാക്കുക, തേനീച്ചക്കോളനികൾ വനാതിർത്തിയിൽ തുടരെ സ്ഥാപിക്കുക തുടങ്ങി പല പദ്ധതികളും ചർച്ചയിലുണ്ടെങ്കിൽ, ഈ ലക്ഷ്യം നേടാനായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിബില്ലിൽ പ്രാധാന്യം നൽകിയിരിക്കുന്നത്, വനസംരക്ഷണത്തിനുള്ള വനംവകുപ്പിന്റെ സേനയ്ക്കു ശക്തിപകരാനുള്ള നിർദേശങ്ങൾക്കാണ്.

ഇന്നു നമ്മുടെ വനങ്ങളുടെ വിസ്തൃതമായ പ്രദേശങ്ങളിൽ വെള്ളം കൂടുതലായി വലിച്ചെടുക്കുന്ന തേക്ക്, യൂക്കാലിപ്റ്റസ്, മാഞ്ചിയം, അക്കേഷ്യ മുതലായവ നട്ടുപിടിപ്പിച്ചാണു വനവത്കരണം നടപ്പാക്കിയിരിക്കുന്നത്. അതോടെ, വന്യമൃഗങ്ങൾക്ക് അത്യാവശ്യമായ ജലസ്രോതസ്സുകൾ വറ്റിപ്പോകുന്നു. ഈ മരങ്ങൾ അവർക്കു ഭക്ഷ്യയോഗ്യവുമല്ല. അങ്ങനെ ജലവും ആഹാരവും തേടി മൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നു. ഇനിയെങ്കിലും, സ്വാഭാവികവനങ്ങളെ വളരാൻ അനുവദിക്കുന്നതോടൊപ്പം ഫലവർഗങ്ങൾ നൽകുന്ന പ്ലാവും ആഞ്ഞിലിയും ആനയുടെ വിശിഷ്ടഭോജ്യമായ മുളയും ഈറയുമെല്ലാം വച്ചുപിടിപ്പിക്കണം.

വന്യമൃഗ-മനുഷ്യസംഘട്ടനം ഒഴിവാക്കാൻവേണ്ടി ചെയ്യാവുന്ന മറ്റൊരു കാര്യമാണ്, നമ്മുടെ വനത്തിനു താങ്ങാൻ കഴിയുന്നതിലേറെയുള്ള മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ ഇല്ലായ്മ ചെയ്ത് വനത്തിന്റെ സന്തുലിതാവസ്ഥ വീണ്ടെടുക്കുക എന്നത്. നമ്മുടെ വനത്തിൽ ആനയും മറ്റും വളരെ വേഗം എണ്ണത്തിൽ വർധിച്ചിട്ടുണ്ട്. കൂടുതലുള്ളതിനെ മറ്റു മൃഗശാലകൾക്കും വന്യമൃഗകേന്ദ്രങ്ങൾക്കും നൽകാമല്ലോ. വളരെയധികം നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികളെ കേന്ദ്രവന്യമൃഗസംരക്ഷണനിയമം 62-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാം. ഈ പ്രഖ്യാപനത്തോടെ കൃഷിഭൂമികളിലെത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ കർഷകരെ അധികാരപ്പെടുത്താൻകഴിയും. ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കാട്ടുപന്നി, ചിലതരം കുരങ്ങുകൾ എന്നിവയെല്ലാം ഇപ്പോൾത്തന്നെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു.

കേരളത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ട് ഏഴു കൊല്ലം മുമ്പ് കേരളസർക്കാരിന്റെ വനംമന്ത്രിയെ കണ്ടു നിവേദനം സമർപ്പിച്ചെങ്കിലും ഇന്നുവരെ അനുമതി ലഭിച്ചിട്ടില്ല. കേരളം, കേന്ദ്രത്തിലേക്കെഴുതി; പക്ഷേ, മറ്റു സംസ്ഥാനങ്ങളിൽ നൽകിയിരിക്കുന്ന അനുമതി ചൂണ്ടിക്കാട്ടി സമ്മർദം ചെലുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. കേരളത്തിലെ വനംവകുപ്പുദ്യോഗസ്ഥർക്ക് നമ്മുടെ കർഷകരുടെ പ്രിയപ്പെട്ടവരായിത്തീരാനുള്ള ഒരു സുവർണാവസരമാണിത്. നമ്മുടെ ഐഎഫ്എസ് ഉദ്യോഗസ്ഥർ തന്നെ മുൻകൈയെടുത്ത് കേന്ദ്രസർക്കാരിൽനിന്ന്, ഈ ഉത്തരവ് നേടിയെടുക്കട്ടെ!

പക്ഷേ, കേരള വനനിയമം ഭേദഗതിബിൽ 2024 ന്റെ പ്രധാന ഉദ്ദേശ്യങ്ങൾ ഇതൊന്നുമല്ല; മുമ്പു സൂചിപ്പിച്ചതുപോലെ വനംവകുപ്പിനെ ഒരു സമാന്തരപൊലീസ് സേനയാക്കിയെടുക്കുകതന്നെയാണ്. 1961 ലെ നിയമത്തിന്റെ ഭേദഗതിയായി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ, 63-ാം വകുപ്പിന്റെ ഭേദഗതിയിലാണ് വനത്തിലും പുറത്തും ഒരുപോലെ വാറന്റില്ലാതെയും മേലധികാരികളുടെ അനുമതി തേടാതെയും കുറ്റവാളികളാണെന്നു സംശയിക്കുന്നവരെപ്പോലും അറസ്റ്റു ചെയ്യാൻ കീഴ്ജീവനക്കാർക്ക് അനുമതി നൽകാനുള്ള നിർദേശം.

ഉൾവനത്തിൽ മേലുദ്യോഗസ്ഥർ, കോടതി മുതലായവയിൽനിന്നു ബഹുദൂരത്തിൽ വനംകൊള്ളയ്ക്കെത്തുന്ന സാഹസികരായ സംഘങ്ങളെ അറസ്റ്റു ചെയ്യാൻ അനുമതികൾ ആവശ്യപ്പെടുകയും നേടിയെടുക്കുകയും ചെയ്യുന്നത് പ്രയാസമേറിയ കാര്യമായതുകൊണ്ട് ഫോറസ്റ്റ് ഓഫീസർക്ക് നിലവിലുള്ള നിയമത്തിൽത്തന്നെ വാറന്റില്ലാതെ അറസ്റ്റു ചെയ്യാൻ അധികാരമുണ്ട്. പക്ഷേ, അറസ്റ്റു നടത്തിക്കഴിഞ്ഞ് ഉടൻതന്നെ അനുമതിക്കായി മേലുദ്യോഗസ്ഥരെയും കോടതിയെയും സമീപിക്കണം.

ഇപ്പോൾ ഭേദഗതിബില്ലിൽ കീഴുദ്യോഗസ്ഥർക്കും ഇതേ അധികാരം നൽകാനാണ് നിർദേശം. കൂടാതെ, വാറന്റില്ലാതെ അറസ്റ്റു ചെയ്തുകഴിഞ്ഞ് 'ഉടനടി'യായി മേലുദ്യോഗസ്ഥന്റെയും കോടതിയുടെയും അനുമതി തേടണം എന്ന വ്യവസ്ഥ മയപ്പെടുത്തി, ഉടനടിക്കു പകരം 'കഴിയുന്നതും നേരത്തേ' എന്നൊരു വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നു!

കൂടാതെ നിലവിൽ, ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ഇത്തരം അറസ്റ്റുകൾ നടത്താൻ അനുവാദമുള്ളത് വനപ്രദേശത്തിനുള്ളിൽമാത്രമാണ്. ഇപ്പോൾ പുതിയ ഭേദഗതിബില്ലിൽ ഈ അധികാരം വനപ്രദേശത്തിനു പുറത്ത്, സംസ്ഥാനത്ത് എവിടെ വേണമെങ്കിലും പ്രയോഗിക്കാൻ അനുമതി നൽകുന്നു.

വനപ്രദേശത്തിനു പുറത്ത് എവിടെയെങ്കിലുംവച്ച് വനവിഭവങ്ങളുമായി ഒരാളെ കണ്ടെത്തി എന്ന കാരണം പറഞ്ഞ് പൊലീസുകാർ അറസ്റ്റു ചെയ്യുന്നതുപോലെ വനം വകുപ്പിലെ ഏറ്റവും താഴെയുള്ള താത്കാലികോദ്യോഗസ്ഥർക്കു പോലും ഇതു ചെയ്യാം.

▶ 8

## ദീപനാളം 'പ്രതിഭ'യുടെ പത്താംവാർഷികം പ്രമാണിച്ച് സ്കൂൾ - കോളജ് വിദ്യാർഥികൾക്കായി

# സാഹിത്യശില്പശാലയും പ്രതിഭാസംഗമവും

**പാലാ അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ**
**2025 ഫെബ്രുവരി 15 ശനിയാഴ്ച**

10.00 am.

## സാഹിത്യശില്പശാല

2.30 pm.

## പ്രതിഭാസംഗമം

**ആദരവും അവാർഡ് സമർപ്പണവും**

ദീപനാളം 'പ്രതിഭ'യിലൂടെ കഴിവു തെളിയിച്ച തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥിപ്രതിഭകൾ

ദീപനാളം സാഹിത്യരചനാമത്സരങ്ങളിൽ വിജയികളായ യുവ എഴുത്തുകാർ

വിവിധ രംഗങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ച മൗലികപ്രതിഭകൾ

### വിശിഷ്ടാതിഥികൾ


**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാധ്യക്ഷൻ


**ഡോ. ജോർജ് ഓണക്കൂർ**
കഥാകൃത്ത്, നോവലിസ്റ്റ്


**ഡോ. കുര്യാസ് കുമ്പളക്കുഴി**
എഴുത്തുകാരൻ, നിരൂപകൻ


**മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്**
സിഞ്ചെല്ലൂസ്, പാലാ രൂപത


**ബിപിൻ ചന്ദ്രൻ**
തിരക്കഥാകൃത്ത്


**വിനായക് നിർമ്മൽ**
എഴുത്തുകാരൻ


Best wishes




KURUMUNDAYIL JEWELLERY
GOLD ◆ DIAMONDS ◆ BIRTH STONES ◆ SILVER

KURUMUNDAYIL FINANCIERS
Kattakkayam Road, Pala Tel: 04822 213693

# ശാരദനിലാവ് തിരി താഴ്ത്തുമ്പോൾ...



ഡോ. മായാ ഗോപിനാഥ്



**ഭാ**വരാഗങ്ങളുടെ അടങ്ങാത്ത അലയൊലികൾ ബാക്കിവച്ച് ശ്രീ പി. ജയചന്ദ്രൻ പടിയിറങ്ങിയ വേളയിൽ അദ്ദേഹത്തിന്റെ സാർഥകമായ സംഗീതസപര്യയ്ക്കു മുന്നിൽ ഹൃദയനമസ്കാരം.

വാക്കിന്റെയും ഭാഷയുടെയും കവിതയുടെയും സംഗീതത്തിന്റെയും ഒരുത്സവകാലമുണ്ടായിരുന്നു മലയാളസിനിമയ്ക്ക്. അന്നൊക്കെ ഗാനങ്ങളിൽ തുടിച്ചുനിൽക്കുന്നത് ജീവിതംതന്നെയാണ്. ബിംബങ്ങളാലും ആശയങ്ങളാലും സമ്മോഹനരാഗങ്ങളാലും സമൃദ്ധമായ ഒരു പാട്ടുകാലം.

ഭാവഗായകന്റെ ശബ്ദസൗകുമാര്യത്തിൽ മോഹനരാഗത്തിന്റെ അകമ്പടിയോടെ മഞ്ഞലയിൽ മുങ്ങിത്തോർത്തിയ മധുമാസചന്ദ്രിക സ്വപ്നലേഖയ്ക്ക് സ്വയംവരപ്പന്തലൊരുക്കി... രാജീവനയനേ നീയുറങ്ങൂ രാഗവിലോലേ നീയുറങ്ങൂ എന്നു കേട്ടാൽ സ്വർണഗോപുരനർത്തകീശില്പത്തിനുപോലും ജീവൻ വയ്ക്കും... കാമുകിയുടെ മണിയറയിലെ നിർമലശയ്യയിലെ നീലനീരാളമായി മാറാൻ കൊതിച്ച എത്രയോ കാമുകന്മാർ...

കരിമുകിൽകാട്ടിലും രജനിതൻ മേട്ടിലും കനകാംബരങ്ങൾ വാടിയത് സ്നേഹം നിഷേധിക്കപ്പെട്ട എത്രയോ കാമുകന്മാരുടെ മനസ്സിലാണ്.

പദസമ്പത്തും ആശയഗരിമയുമുള്ള ഗാനങ്ങൾ പാടാൻ അവസരം ലഭിച്ച അതുല്യഗായകൻ വീണ്ടും വീണ്ടും കേൾക്കാൻ ഇഷ്ടപ്പെടുന്ന രസാനുഭൂതിയുടെ തീവ്രതയുളവാക്കുന്ന ആലാപനശൈലിയുമായി യേശുദാസ് എന്ന പ്രതിഭയ്ക്ക് ഒപ്പത്തിനൊപ്പം നിന്നത് നവ്യമായ ഒരു വൈകാരികഭാവലയം തന്റെ ശബ്ദത്തിൽ വരുത്തിക്കൊണ്ടാണ്. നമ്മൾ അദ്ദേഹത്തെ ഭാവഗായകൻ എന്നു വിളിച്ചതും അതുകൊണ്ടുതന്നെയാണ്.

അറിഞ്ഞോ അറിയാതെയോ നമ്മുടെ ജീവിതപരിസരങ്ങളിൽ, നമ്മുടെ വീടുകളിൽ നമുക്കു ചുറ്റും സദാ അലയടിക്കുന്ന ചലച്ചിത്രഗാനത്തിന്റെ അലകൾ...

കാലത്തിൽ അടുക്കിവച്ച ധ്വനികൾ ഈണങ്ങളായി മാറുമ്പോൾ ജീവിതത്തിന്റെ അസംതൃപ്തിയിലും ആകുലതകളിലും സന്തോഷത്തിന്റെ കണങ്ങൾ നിറയ്ക്കാൻ കഴിയുന്ന നാദവീചിയായിരുന്നു അദ്ദേഹത്തിന്റേത്...

കവിത തുളുമ്പുന്ന ഗാനങ്ങൾക്ക് ഈണമിട്ടു പാടി പഠിപ്പിച്ചുകൊടുക്കുന്ന തനതുകാലത്തെ കൂടുതൽ ഇഷ്ടപ്പെട്ട അദ്ദേഹം ഈണത്തിനനുസരിച്ചു പാട്ടെഴുതുന്ന രീതിയിലും അനേകം ഗാനങ്ങൾ പാടിയിട്ടുണ്ട്.

സാക്ഷാൽ എം.എസ്. വിശ്വനാഥൻ 'ഇതാ നിങ്ങൾക്കൊരു പുതിയ യുവഗായകൻ' എന്ന് കോഴിക്കോട് സാമൂതിരി സ്കൂൾ ഗ്രൗണ്ടിൽ നടന്ന ആദ്യഗാനമേളയിൽ പരിചയപ്പെടുത്തിയ അദ്ദേഹം പിന്നീട് മലയാളിയുടെ മനസ്സിന്റെ ജാലകവാതിലിൽ വിരിഞ്ഞ കുറുമൊഴിമുല്ലപോലെ സുഗന്ധം പരത്തി.

എം.എസ്. വിശ്വനാഥൻ തനിക്കേറ്റവും പ്രിയപ്പെട്ട ഗാനങ്ങളിൽ മിക്കതും നൽകിയതും അദ്ദേഹത്തിനാണ്. നീലഗിരിയുടെ സഖികളേ ജ്വാലാമുഖികളേ എന്ന വയലാറിന്റെ അസാമാന്യവൈഭവം നിറഞ്ഞ വരികളുടെ സമസ്ത ഭാവവും ഉൾക്കൊണ്ടു പാടി മലയാളഗായകരുടെ മുൻനിരയിലെ സിംഹാസാനം കീഴടക്കി. പണിതീരാത്ത വീട് എന്ന ചിത്രത്തിലെ ഈ ഗാനത്തിന് സംസ്ഥാന അവാർഡും ലഭിച്ചു.

അവസരങ്ങൾക്കുവേണ്ടി ആരുടെ മുമ്പിലും മുട്ടുമടക്കാത്ത കർക്കശക്കാരനായിരുന്നു പി. ജയചന്ദ്രൻ. 27 തവണ ഇരിഞ്ഞാലക്കുട കോന്നി ടാക്കീസിൽ ഭാർഗവീനിലയം കണ്ടത് ബാബുക്കമാജിക്കിനോടും ദാസേട്ടന്റെ ശബ്ദത്തോടുള്ള അടങ്ങാത്ത ഇഷ്ടവുംകൊണ്ടാണെന്ന് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന് ഏറ്റവും ആരാധന തോന്നിയ ഗായകൻ റഫി സാബും ഗായിക സുശീലാമ്മയുമാണ്.

ബാബുക്കയുടെ പാട്ടിലെ തേൻകണം നുകരാൻ കോഴിക്കോടെ സംഗീതസദിരുകളിൽ കൂടിയ നാളുകൾ അദ്ദേഹമെന്നും ഹൃദയത്തോടു ചേർത്തുവച്ചിരുന്നു.

ഇരിഞ്ഞാലക്കുട സാഹിത്യസമാജം മീറ്റിങ്ങിൽവച്ചു സംഗീതമാലപിച്ച ജയചന്ദ്രനെന്ന എട്ടാം ക്ലാസ്സുകാരനെ ഹെഡ്മാസ്റ്ററുടെ മുന്നിൽ പാടിപ്പിക്കുകയും പിന്നീട് യുവജനോത്സവവേദിയിൽ എത്തിക്കുകയും ചെയ്ത രാമനാഥൻമാസ്റ്ററുടെയൊപ്പം വർഷങ്ങൾക്കുശേഷം അദ്ദേഹം ഒരു അഭിമുഖത്തിൽ പങ്കെടുത്തപ്പോൾ ഓർത്തെടുത്തതായിരുന്നു മഞ്ഞലയിൽ മുങ്ങിത്തോർത്തി എന്ന ഗാനത്തെ ഇരിഞ്ഞാലക്കുടക്കാർ ഏറ്റെടുത്ത സംഭവം.

ആ ഗാനം നാട്ടുകാരുടെ സാന്നിധ്യത്തിൽ ഇരിഞ്ഞാലക്കുട ക്ഷേത്രത്തിനു വെളിയിലെ ഇലക്ട്രിക്കൽ കടയിലെ റെക്കോർഡ് പ്ലെയറിൽ പ്രക്ഷേപണം ചെയ്തു എന്നാണ് മാഷ് പറഞ്ഞത്. അതിനുശേഷം പയനിയർ തീയേറ്ററിലും.

ജീവിതത്തിൽ എന്തും മുഖം നോക്കാതെ വെട്ടിത്തുറന്നു പറയുന്നയാൾ ആയിരുന്നെങ്കിലും അലൗകികമായ ആ നാദത്തിൽ ഒളിച്ചിരുന്ന തേൻമധുരം ഓരോ മലയാളിയും നിത്യവും ആസ്വദിച്ചറിയുന്നതുതന്നെ.

മലയാളത്തിലെ ഏറ്റവും മികച്ച യുഗ്മഗാനങ്ങളിൽ കൂടുതലും പാടിയത് അദ്ദേഹത്തിന്റെ സ്വനതന്ത്രികളാണ്. കാലത്തെ അതിജീവിച്ച എത്രയോ പാട്ടുകൾ...

ജീവിതംതന്നെ നാദോപാസനയാക്കിയ ഭാവഗായകൻ നടൻ വിനീതിനൊപ്പം നഖക്ഷതങ്ങൾ എന്ന ചിത്രത്തിൽ, ചിത്രം വരയിലും സംഗീതത്തിലും ഒന്നിലും ഉറച്ചുനിൽക്കാത്തൊരു തിരുമേനിയെ അവതരിപ്പിച്ചപ്പോൾ നടനെന്ന നിലയിലും അദ്ദേഹം തിളങ്ങുകയായിരുന്നു.

വാക്കുകളെ വെണ്ണക്കല്ലാക്കുന്ന ആലാപനം എന്നാണ് കൈതപ്രം നമ്പൂതിരി അദ്ദേഹത്തിന്റെ ആലാപനത്തെ വിശേഷിപ്പിക്കുന്നത്..

അതേ, വെണ്ണപോലെ നമ്മുടെ ഹൃദയമുരുകുന്ന ഗാനപ്രവാഹം നിരന്തരമായി ഒഴുകുകയാണ്... മറക്കാൻ നോക്കിയാലും, മനസ്സിൽ തുളുമ്പുന്ന മൗനാനുരാഗത്തിൻ ലോലഭാവംപോലെ...

ആരാരും കാണാതെ ആരോമൽ തൈമുല്ല പൂക്കുകയും പുഴയായ് തഴുകുമ്പോൾ, ഓലഞ്ഞാലിക്കുരുവി ഇളംകാറ്റിലാടുകയും മലർവാകക്കൊമ്പത്ത് മണിമേഘത്തുമ്പത്ത് മഴവില്ലിൻ തുഞ്ചത്ത് നമ്മളും ചാഞ്ചാടിയാടും...

അഭിരുചികൾ മാറുന്ന പുതുകാലത്തിലും മെലഡിയെ നെഞ്ചോടു ചേർക്കുന്നവരുടെ ഹൃദയത്തോടു ചേർന്നു നിൽക്കുന്ന പ്രിയഗാനമഞ്ജരികൾ.

തിരമാലകളുടെ അടങ്ങാത്ത ഊർജവും ഗംഗാപ്രവാഹത്തിന്റെ അഗാധമായ വിശുദ്ധിയും ഒത്തിണങ്ങിയ, കല്ലിനെപ്പോലും വെണ്ണയാക്കുന്ന മാന്ത്രികവൈഖരി.

മലയാളിയുള്ള കാലത്തോളം ആ നാദം ഈ മണ്ണിൽ മുഴങ്ങുക തന്നെ ചെയ്യും. ■

## കുടുംബവിളക്ക് 48



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## അതിര്

**അ**തിരിനെക്കുറിച്ചുള്ള ചില അടിസ്ഥാനബോധ്യങ്ങൾ കുടുംബങ്ങൾക്കുണ്ടാകണം. അതിര് ഒരു നിയന്ത്രണരേഖയാണ്. ജീവിതത്തിൽ പലതിനും പരിധികൾ ആവശ്യമാണെന്ന് അതിരുകൾ അനുസ്മരിപ്പിക്കുന്നു. കൃത്യമായി അളന്നുതിട്ടപ്പെടുത്തിയ അതിരുകൾ കുടുംബത്തിനു വേണം. അനാവശ്യമായ തർക്കങ്ങളും അവയെച്ചൊല്ലിയുള്ള കലഹങ്ങളും ഒഴിവാക്കാൻ അതുപകരിക്കും. അതിരുകൾ അനാദിമുതലേ വഴക്കുകൾക്കു വഴിതെളിച്ചുകൊണ്ടിരിക്കുന്നു. അതിരുകവിയുന്നവയൊക്കെയാണ് അപകടകാരികളാകുന്നത്. നമ്മുടെ സ്വകാര്യതകൾ തീരുന്ന അതിർത്തിയിൽനിന്നാണ് അയൽക്കാരുടെ സ്വകാര്യതകൾ തുടങ്ങുന്നത് എന്നു മറക്കരുത്. ആകയാൽ, അതിരുകളെ ആദരിക്കുക. അതിര് അളവാണ്, അതിൽ അതിക്രമം അരുത്.

വസ്തുവിനുമാത്രമല്ല, കുടുംബത്തിൽ നടക്കുന്ന കാര്യങ്ങൾക്കും, കുടുംബാംഗങ്ങളുടെ വർത്തനങ്ങൾക്കും വർത്തമാനങ്ങൾക്കുമൊക്കെ ഒരു വേലിക്കെട്ടുണ്ടായിരിക്കണം. കുടുംബാംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളും കുറവുകളും കുറ്റങ്ങളും കടമ്പ കടന്നുപോകാൻ അനുവദിക്കരുത്. അയൽക്കൂട്ടങ്ങളും സമാനസമ്മേളനങ്ങളും ഒരു കുടുംബത്തിന്റെയും സ്വകാര്യതകൾ അവതരിപ്പിക്കാനോ ചർച്ച ചെയ്യാനോ ആഘോഷിക്കാനോ ഉള്ള വേദികളായി മാറരുത്. കുടുംബാംഗങ്ങൾക്കിടയിൽ ഉണ്ടായേക്കാവുന്ന അഭിപ്രായഭിന്നതകളും വാക്കുതർക്കങ്ങളും വഴിപോക്കർ കേൾക്കേണ്ട കാര്യമില്ല. 'നമ്മുടെ പ്രശ്നങ്ങൾ നമ്മളറിഞ്ഞാൽ മതി', 'ഇതൊക്കെ ഇവിടെ കേട്ടാൽ മതി' എന്നിങ്ങനെയുള്ള മനോഭാവങ്ങൾ എല്ലാവർക്കും ഉണ്ടാവണം. അല്ലാത്തപക്ഷം, മലർന്നുകിടന്നു തുപ്പുന്നതിന്റെ അനുഭവമായിരിക്കും. വീടിന്റെ അതിര് എന്നതിലുപരി വ്യക്തിജീവിതത്തിന്റെ അതിർത്തികൾ സുരക്ഷിതമായിരിക്കണം. ആകാവുന്നവയുടെയും അരുതാത്തവയുടെയും മധ്യേയുള്ള വരയും വരമ്പും വ്യക്തമായിരിക്കണം. പരിധികൾ പാലിക്കുമ്പോഴേ ജീവിതത്തിനു അടുക്കും ചിട്ടയുമുണ്ടാകൂ. അതിര് ഒരു പ്രതിരോധമാണ്. ആയതിനാൽ, കുടുംബത്തിനു നിരക്കാത്തതൊക്കെ പടിക്കലേക്കു വരുന്നതിന് അതിര് എതിരുനിൽക്കണം. അതിരുകൾ ഒരു പരിധിവരെ ആവശ്യമാണെങ്കിലും അവയ്ക്കുള്ളിൽ ആയുഷ്കാലം മുഴുവൻ അടച്ചുപൂട്ടി കഴിയണമെന്നല്ല അർഥമാക്കുന്നത്. ചുറ്റും മതിലുകൾ ഉള്ളപ്പൊഴും മതിലില്ലാമനസ്സുകളുടെ ഉടമകളാകാൻ കഴിയുന്നവർക്കുള്ളതാണ് മനുഷ്യർ എന്ന വിളിപ്പേര്. അതിരുകളില്ലാതെ സ്നേഹിച്ചവന്റെ അനുയായികൾക്ക് പ്രസ്തുത പേരിന് അർഹരാകാൻ വലിയ വിഷമമൊന്നുമില്ല.

*'വേലിയില്ലാത്ത വസ്തു കൊള്ള ചെയ്യപ്പെടും' (പ്രഭാ. 36:30)*

# 25-ാമത് ചൈതന്യകാർഷികമേള ഫെബ്രുവരി 2-9 തീയതികളിൽ

കോട്ടയം: കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 2 മുതൽ 9 വരെ തീയതികളിൽ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന 25-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘമഹോത്സവത്തിന്റെയും ഒരുക്കങ്ങൾ പൂർത്തിയായി. മേളയോടനുബന്ധിച്ച് കൃഷി, പരിസ്ഥിതി, വിജ്ഞാനം, വിനോദം, ആരോഗ്യം, മൃഗസംരക്ഷണം, സ്വാശ്രയത്വം, വികസന മുന്നേറ്റമാതൃകകൾ തുടങ്ങി വിവിധ മേഖലകളെ കോർത്തിണക്കിക്കൊണ്ടുള്ള നൂറുകണക്കിനു പ്രദർശന, വിപണന സ്റ്റാളുകൾ, മെഡിക്കൽ ക്യാമ്പുകൾ, പുരാവസ്തുപ്രദർശനത്തോടൊപ്പം വിവിധ രാജ്യങ്ങളിലെ കറൻസികളുടെയും സ്റ്റാമ്പുകളുടെയും പ്രദർശനം, അലങ്കാര മത്സ്യങ്ങളുടെ പ്രദർശനം, പച്ചമരുന്നുകളുടെയും പാരമ്പര്യചികിത്സാരീതികളുടെയും പ്രദർശനം, കാർഷികപ്രശ്നോത്തരിയും സെമിനാറുകളും വിജ്ഞാനപ്രദവും കൗതുകകരവുമായ വിസ്മയക്കാഴ്ചകൾ, മത സാമൂഹിക രാഷ്ട്രീയ സാംസ്കാരികരംഗത്തെ പ്രമുഖരുടെ സാന്നിധ്യം, പൗരാണിക ഭോജനശാല, കളരിപ്പയറ്റുപ്രദർശനം, വിവിധയിനം വിത്തിനങ്ങളുടെയും പുഷ്പഫലവൃക്ഷാദികളുടെയും പ്രദർശനവും വിപണനവും, സ്വാശ്രയസംഘകലാവിരുന്നുകൾ, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, കെ.എസ്.എസ്.എസ്. വികസന കർമപദ്ധതികളുടെ ഉദ്ഘാടനം ഉൾപ്പെടെയുള്ള നിരവധിയായ ക്രമീകരണങ്ങളാണ് മേളയോടനുബന്ധിച്ച് ഒരുക്കുന്നത്.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



അറിവുള്ളവരോടേ സംസാരിക്കാവൂ; നിന്റെ സംഭാഷണം അത്യുന്നതന്റെ നിയമങ്ങളെപ്പറ്റി ആയിരിക്കട്ടെ.

പ്രഭാഷകൻ 9:15

**എഡിറ്റോറിയൽ**

# ഉന്നതവിദ്യാഭ്യാസത്തിന്റെ വഴിയടയ്ക്കരുത്

**ജ**നുവരി ആറിന് സർവകലാശാല ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) പുറപ്പെടുവിച്ച കരടുമാർഗരേഖ ഉന്നതവിദ്യാഭ്യാസമേഖലയെ പിന്നോട്ടടിക്കുന്നതാണെന്ന വലിയ വിമർശനമാണ് പല കോണുകളിലുംനിന്നുയർന്നിരിക്കുന്നത്. 2020 ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ തുടർച്ചയെന്നോണം വ്യാഖ്യാനിക്കപ്പെടാവുന്ന ഈ കരടുചട്ടങ്ങൾ ഇന്ത്യയുടെ ബഹുസ്വരതയ്ക്കും ഫെഡറലിസത്തിനും ഭീഷണിയുയർത്തുന്നുവെന്നാണ് പൊതുവെയുള്ള ആക്ഷേപം.

വൈസ് ചാൻസലർനിയമനത്തിൽ ഗവർണർക്ക്/ചാൻസലർക്ക് സമ്പൂർണാധികാരം ലഭിക്കുന്ന വിധത്തിലാണ് കരടുനിർദേശം. വി.സി. നിയമനത്തിനുള്ള മൂന്നംഗസെർച്ച് കമ്മിറ്റിയെ ചാൻസലർ നിയമിക്കും. സെർച്ച് കമ്മിറ്റിയുടെ അധ്യക്ഷനെ നിർദേശിക്കുന്നതു ചാൻസലറായിരിക്കും. യു.ജി.സി. നിർദേശിക്കുന്ന വ്യക്തിയായിരിക്കും സമിതിയിലെ മറ്റൊരംഗം. മൂന്നാമത്തെ അംഗത്തെ സർവകലാശാല സെനറ്റിന്/ സിൻഡിക്കേറ്റിനു നിർദേശിക്കാം. ഫലത്തിൽ, കേന്ദ്രസർക്കാരിന്റെ ഇച്ഛാനുസൃതം മൂന്നിൽ രണ്ടുപേരെ നിയമിക്കാം. അതുവഴി, ഇന്ത്യയിലെ എല്ലാ സർവകലാശാലകളിലും ഏതാനും വർഷങ്ങൾക്കുള്ളിൽ കേന്ദ്രസർക്കാരിന്റെ ആജ്ഞാനുവർത്തികൾ വി.സി.മാരായി വരുമെന്നു ചുരുക്കം. സർവകലാശാലാവിഷയങ്ങളിൽ തുടർച്ചയായി ഗവർണറുമായി പോരടിച്ച കേരളമടക്കമുള്ള പ്രതിപക്ഷസംസ്ഥാന സർക്കാരുകൾക്കു പുതിയ യു.ജി.സി. ചട്ടപ്രകാരം യാതൊരു പങ്കുമില്ലാത്ത ദുരവസ്ഥയാണു വരാൻപോകുന്നത്.

2018 ലെ യു.ജി.സി. ചട്ടപ്രകാരം (വകുപ്പ് 73), വൈസ് ചാൻസലറായി നിയമിക്കപ്പെടണമെങ്കിൽ ചുരുങ്ങിയത് പത്തുവർഷത്തെ സർവകലാശാല അധ്യാപനപരിചയം ഉണ്ടായിരിക്കണം. എന്നാൽ, 2025 ലെ കരടുപ്രകാരം വ്യവസായം, പൊതുഭരണം, പൊതുനയരൂപവത്കരണം, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ അനുഭവപരിചയമുള്ളവരെയും വി.സി. നിയമനത്തിനു പരിഗണിക്കാമെന്നാണു നിർദേശം. യോഗ്യതാമാനദണ്ഡം വിശാലമാക്കുന്നതിലൂടെ കേന്ദ്രസർക്കാരിനോ ചാൻസലർക്കോ താത്പര്യമുള്ള ആരെയും ഈസിയായി വി.സി. യാക്കാനാവുമെന്നർഥം.

അധ്യാപകനിയമനത്തിനുള്ള യോഗ്യതാമാനദണ്ഡം പുതിയ നിർദേശപ്രകാരം, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) വിജയവും പി.എച്ച്.ഡി.യുമാണ്. നെറ്റ്/ പി.എച്ച്.ഡി. യോഗ്യതാപരീക്ഷകൾക്കു വേണ്ട മാനദണ്ഡമാകട്ടെ, ബിരുദാനന്തരബിരുദത്തിന് 55 ശതമാനം മാർക്കോ നാലുവർഷ ഡിഗ്രികോഴ്സിന് 75 ശതമാനം മാർക്കോ മതിയെന്നതാണ് യു.ജി.സി.യുടെ ചിന്ത. നാലുവർഷ ബിരുദം കഴിഞ്ഞ് നേരിട്ടു ഗവേഷകരാകാനും കോളജ് അധ്യാപകരാകാനും സാധിക്കാമെന്നിരിക്കേ, ഐച്ഛികവിഷയത്തിൽ ഉന്നതപഠനം നല്കുന്ന നിലവിലുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാഭ്യാസം അപ്രസക്തമാകും. അതായത്, എം.ഫിലിനുശേഷം മറ്റൊരു പ്രോഗ്രാംകൂടി ഉന്നതവിദ്യാഭ്യാസമേഖലയിൽനിന്നു കാലക്രമേണ പടിയിറങ്ങുമെന്നു സാരം.

ഉദ്യോഗാർഥിയുടെ മികവ്, ഗവേഷണപ്രബന്ധങ്ങൾ തുടങ്ങി ഒട്ടേറെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ അധ്യാപകനിയമനത്തിലെ എഴുപതുശതമാനത്തോളം മാർക്കും നിശ്ചയിക്കുന്നത്. പുതിയ കരടുനിർദേശപ്രകാരം, ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽമാത്രമാകും നിയമനം. ഇത് ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വജനപക്ഷപാതത്തിനും അഴിമതിക്കും വഴിതെളിക്കാനുള്ള സാധ്യതകളുണ്ടാക്കുമെന്നുറപ്പാണ്.

പ്രാദേശികഭാഷയിൽ വിദ്യാഭ്യാസവും ഗവേഷണവും നടത്തിയവർക്കും ഗ്രന്ഥങ്ങൾ എഴുതിയവർക്കും അധ്യാപകനിയമനത്തിൽ മുൻഗണന നല്കണമെന്ന നിർദേശം പൊതുവെ സ്വീകാര്യമായിത്തോന്നാമെങ്കിലും, ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രാദേശികവത്കരണം ആഗോളബന്ധം മുറിയാൻ ഇടയാക്കുമെന്നു പറയേണ്ടതില്ലല്ലോ. ആഗോളതലത്തിൽ രൂപപ്പെടുന്ന പുതിയ അറിവുകളുമായി സംവദിക്കാൻ അധ്യാപകർക്കും വിദ്യാർഥികൾക്കും ഇംഗ്ലീഷ് ഭാഷാജ്ഞാനം അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട്, സർവകലാശാലകളിലെ പ്രാദേശികവത്കരണം ഉന്നതവിദ്യാഭ്യാസത്തിനു ഗുണകരമാവില്ല.

ഉന്നതവിദ്യാഭ്യാസരംഗത്തെ കേന്ദ്രസർക്കാരിന്റെ കൈപ്പിടിയിലൊതുക്കാനും അതിന്റെ ഗുണനിലവാരം തകർക്കാനും സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ ഇല്ലാതാക്കാനുമുള്ള കുറുക്കുവഴിയാണ് പുതിയ കരടുചട്ടം എന്നാണ് വ്യാപകമായ പ്രതിഷേധം. യുജിസിയുടെ പുതിയ പഠന-അധ്യാപനരീതി വിദഗ്ധരായ ഗവേഷകരെയും അധ്യാപകരെയും സൃഷ്ടിക്കുന്നതിനു പകരം സാമാന്യവിവരമുള്ളവരെ സൃഷ്ടിക്കാനേ സഹായിക്കൂ എന്നു കരുതേണ്ടിയിരിക്കുന്നു. ഇന്ത്യപോലുള്ള ഒരു ബഹുസ്വരരാഷ്ട്രത്തിന്റെ വൈവിധ്യത്തെയും സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തെയും ഫെഡറലിസത്തെയും സുന്ദരമായി നിർവചിക്കുകയും നിർണയിക്കുകയും ചെയ്യുന്ന പഠനപദ്ധതികളാണ് ഉന്നതവിദ്യാഭ്യാസരംഗം ചർച്ച ചെയ്യേണ്ടതെന്ന കാര്യത്തിൽ തർക്കമില്ല.

# ദേവസ്യാ അഞ്ഞൂറ്റിമംഗലം അനുസ്മരണസമ്മേളനം




*ദീപനാളത്തിന്റെ പ്രാരംഭപത്രാധിപരായിരുന്ന ദേവസ്യാ അഞ്ഞൂറ്റിമംഗലത്തിന്റെ ഇരുപത്തഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ചു ചേർന്ന അനുസ്മരണസമ്മേളനം എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്യുന്നു. മോൺ. ജോസഫ് മലേപ്പറമ്പിൽ, ഡോ. തോമസ് മൂലയിൽ, ഫാ. കുര്യൻ തടത്തിൽ, ഫാ. മാത്യു തെന്നാട്ടിൽ, ജോയി മുത്തോലി തുടങ്ങിയവർ സമീപം.*

പാലാ: ദീപനാളം വാരികയുടെ പ്രാരംഭകാലംമുതൽ കാൽനൂറ്റാണ്ടോളം പത്രാധിപരായിരുന്ന ദേവസ്യാ അഞ്ഞൂറ്റിമംഗലത്തിന്റെ ഇരുപത്തഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണസമ്മേളനം നടന്നു.

ജനുവരി 11 ന് വൈകുന്നേരം നാലുമണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽചേർന്ന സമ്മേളനത്തിൽ പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്തു. ദീപനാളം ഡയറക്ടറും ചീഫ് എഡിറ്ററുമായ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രഭാഷണം നടത്തി. റവ. ഡോ. തോമസ് മൂലയിൽ, ഫാ. മാത്യു തെന്നാട്ടിൽ, ജോണി തോമസ് മണിമല, ജോയി മുത്തോലി, ഫിലോമിന അഞ്ഞൂറ്റിമംഗലം എന്നിവർ പ്രസംഗിച്ചു. അഞ്ഞൂറ്റിമംഗലത്തിന്റെ കുടുംബാംഗങ്ങൾ, എഴുത്തുകാർ, പത്രപ്രവർത്തകർ, ദീപനാളം - പ്രസ് അംഗങ്ങൾ തുടങ്ങി ഒട്ടേറെപ്പേർ അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു. കെ.എം. ജോർജ് കൂനാനിക്കൽ, ജോഷി ജെ.യു, മാത്യു ഇ.എസ്, ജോജോ ജോസഫ്, ജോസ് മാനുവൽ, ഡാലിയ ജോസഫ്, ബിനു സുതൻ, ലിജി ജോർജ് തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## പ്രതികരണം

### നിളയുടെ കഥാകാരൻ

അറിയാത്ത മഹാസമുദ്രങ്ങളെക്കുറിച്ച് എഴുതുന്നതിനെക്കാൾ അറിയുന്ന നിളയെക്കുറിച്ചെഴുതാനാണ് എനിക്കു താത്പര്യം എന്നെഴുതിയ നിളയുടെ കഥാകാരനെക്കുറിച്ചുള്ള ജിൻസ് കാവാലിയുടെ ചിന്തകൾ അതീവഹൃദ്യമായിരുന്നു. ദീപനാളത്തിലെ വിവിധങ്ങളായ അദ്ദേഹത്തിന്റെ രചനകൾ ആശയസമ്പുഷ്ടതകൊണ്ടും സർഗാത്മകമായ ഭാഷകൊണ്ടും ഉത്തരോത്തരം മികച്ചതുതന്നെയാണ്. സാഹിത്യനഭസ്സിൽ ജിൻസ് കാവാലി തന്റേതായ ഇടം കണ്ടെത്തട്ടേയെന്ന് ആശംസിക്കുന്നു.

**ജിജോ ജോസഫ് എൻ.**
**കുറവിലങ്ങാട്**

### ക്രിസ്മസ്കഥ മനോഹരം!

ദീപനാളം ക്രിസ്മസ് പതിപ്പിൽ സി.എൽ. ജോസ് എഴുതിയ 'ക്രിസ്മസ് രാത്രിയിൽ' എന്ന കഥ ഹൃദ്യമായി. നാടകരചനയിൽ മാത്രമല്ല, കഥാരചനയിലും ജോസ് തന്റെ മികവു തെളിയിച്ചിരിക്കുകയാണ്. തളർന്നുകിടക്കുന്ന മകൻ ക്രിസ്മസ് പപ്പായുടെ വരവും ആരവങ്ങളും എല്ലാക്കൊല്ലവും കേൾക്കാറുണ്ടെങ്കിലും പപ്പായെ കാണാൻ സാധിക്കുന്നില്ല. അവന്റെ മുറിയിലേക്ക് അമ്മ പപ്പായെ പലവട്ടം ക്ഷണിച്ചതാണെങ്കിലും ആ കുടുസുമുറിയിലേക്കു വരാൻ അദ്ദേഹം തയ്യാറാകുന്നില്ല. അവസാനം, അച്ഛൻ മരിച്ചുപോയ അവന്റെ മുറിയിലേക്ക് അമ്മതന്നെ ക്രിസ്മസ് പപ്പായുടെ വേഷം ധരിച്ച് ആടിയും പാടിയും പ്രത്യക്ഷപ്പെടുന്നു. പിന്നീട്, സാധാരണ വേഷത്തിലെത്തിയ അമ്മയുടെ മുമ്പിൽ ക്രിസ്മസ് പപ്പായെ കണ്ട സന്തോഷം മകൻ പങ്കുവയ്ക്കുന്നു. സ്നേഹസമ്പന്നയും ബുദ്ധിമതിയുമായ അമ്മയെ സി.എൽ. ജോസ് മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ജോസിന്റെ തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടി... രചയിതാവിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ.

**പ്രകാശ് വെട്ടം**
**പാലാ**




ജിൻസ് കാവാലി




# സർഗാത്മകത ഒരു തിരഞ്ഞെടുപ്പുതന്നെയാണ്

The worst enemy to creativity is self-doubt.
- Sylvia Plath
(American Poet and Author)

'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാനുണ്ട്' (I think, therefore I am) എന്ന പ്രസ്താവന തത്ത്വചിന്തകനായ ദെക്കാർത്തിന്റേതാണ് (Rene Descartes). ചിന്തിക്കാത്തവരായി ലോകത്ത് ഏതെങ്കിലും മനുഷ്യരുണ്ടോ? തത്ത്വചിന്തകന്മാർ, കവികൾ, കലാകാരന്മാർ എന്നിങ്ങനെ ചിലർക്കുമാത്രമാണോ ചിന്തയുടെ ഉടമസ്ഥാവകാശം? അല്ല എന്ന് ഓർമിപ്പിക്കുകയാണ്, സൂര്യനുതാഴെ ഭൂമിയിൽ ജീവിക്കുന്ന ഏതൊരു മനുഷ്യന്റെയും ജന്മാവകാശമാണ് സർഗശേഷി എന്നു വ്യക്തമാക്കുകയാണ് Renuka Gavrani അവരുടെ 'The Magic of Creative Living' എന്ന പുസ്തകത്തിലൂടെ.




സർഗാത്മകതയെ അസാധാരണമോ അതിമാനുഷികമോ ആയ ഒന്നായി കാണേണ്ടതില്ലെന്നും ഓരോ മനുഷ്യനും അവൻെറ സാധാരണമായ നിത്യജീവിതത്തിൽ സർഗാത്മകതയ്ക്കുള്ള ഇടങ്ങൾ ഉണ്ടെന്നും രേണുക ഓർമിപ്പിക്കുന്നു. ചിന്തയുടെ ചെറുതിരിവെട്ടം ഉള്ളിലില്ലാത്തവരായി ആരുമില്ല. നിങ്ങൾക്കു ചുറ്റുമുള്ള മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ, അനുദിനം അനേകരുടെ 'വിജയകഥകൾ' കേൾക്കുമ്പോൾ എനിക്കുമാത്രം കഴിവൊന്നുമില്ലെന്നു നിങ്ങൾ ചിന്തിച്ചേക്കാം. ഈ ചിന്തയുടെ ചങ്ങല പൊട്ടിക്കുക എന്നതാണ് സർഗാത്മകജീവിതത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ആദ്യപടി.

നിങ്ങളുടെ വളർച്ചയ്ക്കുതകുന്ന മനുഷ്യർക്ക്, അവരുടെ വാക്കുകൾക്കു വിലകൊടുക്കുക എന്നതുപോലെതന്നെ പ്രധാനമാണ് നിരന്തരം നിങ്ങളെ തളർത്താൻ ശ്രമിക്കുന്ന മനുഷ്യരുടെ വാക്കുകളെ അവഗണിക്കുക എന്നതും. മറ്റൊരാളുടെ വാക്കുകേട്ട് നിങ്ങളുടെ സ്വപ്നങ്ങളുടെ ഉയരം കുറയ്ക്കരുത്. നിങ്ങളുടെ ഉള്ളിലെ തീ അണയ്ക്കരുത്.

ലോകം വിജയികൾ എന്നു വിളിക്കുന്നവരെ, അവരുടെ ശീലങ്ങളെ അന്ധമായി അനുകരിച്ചോ, ചില സൂത്രപ്പണികളിലൂടെയോ (പത്തുമിനിറ്റ് കണ്ണടച്ചിരുന്ന് നഷ്ടപ്പെട്ടുപോയ നിങ്ങളെ കണ്ടെത്തുക തുടങ്ങിയവ!) ഒന്നും സർഗാത്മകചിന്തയുടെ വാതിലുകൾ തുറക്കാനാവില്ല എന്നാണ് എഴുത്തുകാരി പറയുന്നത്. നഷ്ടപ്പെടാനും കണ്ടെത്താനും നിങ്ങൾ ഒരു വസ്തുവല്ല, മനുഷ്യനാണ്. നിങ്ങൾ നിങ്ങളാണ്. നിങ്ങൾ മാത്രമാണ്. നിങ്ങളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം, നിങ്ങളുടെ ആശങ്കകൾക്കുള്ള പരിഹാരം നിങ്ങളുടെ ഉള്ളിൽത്തന്നെയുണ്ട്.

ലോകത്തിനുമുമ്പിൽ വിജയിയെന്നു തെളിയിക്കാനുള്ള അദമ്യമായ ആഗ്രഹത്തിന്റെയും, തോൽക്കാതിരിക്കാനുള്ള സർവംമറന്നുള്ള പ്രയത്നത്തിന്റെയും, അധികമാരും പറഞ്ഞുകേൾക്കാത്ത ഒരു മറുവശംകൂടി രേണുക പറയുന്നുണ്ട്: "Don't give up. You don't fail when you lose. You fail when you give up". ഞാനും നിങ്ങളും ഒരിക്കലെങ്കിലും കേട്ടിട്ടുള്ളതാവണം ഈ പ്രചോദകവാചകം. ഇതു നമ്മൾക്കു തരുന്ന സമ്മർദത്തെ, ഇത്തരം 'പ്രചോദനങ്ങൾ' ഇല്ലാതാക്കുന്ന നമ്മുടെ സ്വത്വത്തെ ഗ്രന്ഥകാരി സൂക്ഷ്മമായി അപഗ്രഥിക്കുന്നു. തെറ്റുപറ്റാതിരിക്കാൻ, ഒരിക്കലും പിൻവാങ്ങാതിരിക്കാൻ നമ്മൾ സൂപ്പർകമ്പ്യൂട്ടറുകൾ ഒന്നുമല്ല. ഒരു വഴിയേ ചിലപ്പോൾ കുറച്ചേറെ മുന്നോട്ടു നടന്നശേഷമാകും അതു നമുക്കുള്ള വഴിയല്ല എന്നു തിരിച്ചറിയുന്നത്. ആ തിരിച്ചറിവുണ്ടായാൽ തിരിച്ചുനടക്കാൻ മടിക്കേണ്ട. ചുറ്റുമുള്ള മനുഷ്യർ പലതും പറഞ്ഞേക്കാം, പരാജിതനെന്നോ ഭീരുവെന്നോ മുദ്രകുത്തിയേക്കാം, കാര്യമാക്കേണ്ടതില്ല. ഇതു നിങ്ങളുടെ ജീവിതമാണ്, എങ്ങനെ ജീവിക്കണം എന്നു നിശ്ചയിക്കേണ്ടതു നിങ്ങളും.

ജീവിതം ഒരു ഓട്ടപ്പന്തയമല്ല. നിങ്ങൾ പങ്കെടുക്കാൻ ആഗ്രഹിക്കാത്ത മത്സരങ്ങളിൽ പങ്കെടുക്കേണ്ടതുമില്ല. ചുറ്റുമുള്ളവരുടെ വിജയത്തിന്റെ നിർവചനങ്ങളിൽ, അവർ പറയുന്ന സുവർണ ജീവിതനിയമങ്ങളിൽ നിങ്ങൾ നിങ്ങളെ കുടുക്കിയിടുകയും വേണ്ടാ. നിങ്ങളുടെ സ്വത്വത്തെ, അനന്യതയെ സമൂഹത്തിനനുസൃതം പരുവപ്പെടുത്താൻ ശ്രമിച്ച് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുത്താതിരിക്കുക. ലോകത്തിന്റെ വഴിയേ പോകാതെ നിങ്ങൾ സ്വന്തം വഴി കണ്ടെത്തുമ്പോൾ, സ്വയം സ്നേഹിച്ചുതുടങ്ങുമ്പോൾ വൈകാതെ ലോകവും നിങ്ങളെ സ്നേഹിച്ചുതുടങ്ങും.

മറ്റുള്ളവർക്കുവേണ്ടി മാറ്റിവയ്ക്കുന്നതിന്റെ നാലിലൊന്നെങ്കിലും സമയം സ്വന്തം ആത്മാവിന്റെ പരിചരണത്തിനുകൂടി മാറ്റിവയ്ക്കണമെന്നും രേണുക പറയുന്നുണ്ട്. അത്തരം ഒരു അവബോധത്തിൽ ജീവിച്ചുതുടങ്ങുമ്പോൾ പ്രത്യേകിച്ച് പ്രയത്നമൊന്നും കൂടാതെതന്നെ ജീവിതം സർഗാത്മകതയുടെ ചിറകുകളിൽ പറന്നുതുടങ്ങിക്കോളും. അപ്പോൾ നിങ്ങൾക്കു കൂടുതൽ ചിരിക്കാനും കൂടുതൽ സ്നേഹിക്കാനും ഓരോ



ദിനാന്ത്യത്തിലും സംതൃപ്തിയോടെ ഉറങ്ങാനും കഴിയും. ആത്മാവബോധത്തിൽ ആയിരിക്കുക എന്നതു പരമപ്രധാനമാണ്. നിങ്ങൾ ചെയ്യുന്നത് എന്തെന്ന കൃത്യമായ ബോധ്യം നിങ്ങൾക്കുണ്ടാവണം.

സ്വപ്നസുന്ദരമായ ഈ ഭൂമിയിൽ ഒരു ദിനം കൂടി ലഭിച്ചതിന്റെ ആനന്ദത്തോടെ, കൃതജ്ഞതയോടെ ഉണർന്നെഴുന്നേൽക്കുക എന്നതുപോലും ഒരു സർഗാത്മകപ്രവൃത്തിയാണ് എന്നു നിരീക്ഷിക്കുന്നുണ്ട് ഗ്രന്ഥകാരി. രാവിലെ സ്ഥിരമായി ഉപയോഗിക്കുന്ന കോഫി പൗഡർ ഒന്നു മാറ്റി പരീക്ഷിക്കുക, സിറ്റൗട്ടിൽ ഇരുന്ന് സൂര്യന്റെ ഇളംവെയിൽ ഏറ്റുകൊണ്ട് ഉണർന്നുവരുന്ന ഭൂമിയെ കാണുക, ഒക്കെയും സർഗാത്മകതതന്നെ. സർഗാത്മകത എന്നത് അസാധാരണമായ എന്തെങ്കിലും കഴിവുകളുള്ളവർക്ക്, ലോകം എക്സ്ട്രാ ഓർഡിനറി എന്നു വിളിക്കുന്ന ആളുകൾക്ക് വിശേഷാൽ കിട്ടിയിട്ടുള്ള വരമൊന്നുമല്ല. ഓരോ ദിവസവും നിറവോടെ ജീവിക്കണം എന്നാഗ്രഹിക്കുന്ന എല്ലാ മനുഷ്യരും സർഗാത്മകതയാൽ അനുഗ്രഹിക്കപ്പെട്ടവരത്രേ. ഇത്ര ഭയാശങ്കകളോടെ കാണാൻ ജീവിതം ഒരു ഹിംസ്രജന്തുവല്ല. അതിനെ സ്നേഹത്തോടെ ആശ്ലേഷിക്കുക. ആത്മാവിൽ ആനന്ദത്തിന്റെ പൂക്കൾ വിരിയുന്നതറിയുക.

ജീവിതപ്രാരബ്ധങ്ങൾക്കിടയിൽ സർഗാത്മകതയ്ക്കൊന്നും സമയമില്ലെന്നാണു നിങ്ങളുടെ പരാതിയെങ്കിൽ ഒരു ദിവസം സോഷ്യൽ മീഡിയയിൽ ചെലവഴിക്കുന്ന സമയം എത്രയെന്നു വെറുതെ നിരീക്ഷിക്കാൻ പറയുന്നു എഴുത്തുകാരി. ജീവിതത്തിലെ മറ്റെന്തു കാര്യവും എന്നതുപോലെതന്നെ സർഗാത്മകതയും ഒരു തിരഞ്ഞെടുപ്പുതന്നെയാണ്. ഓരോ ദിവസത്തെയും നിങ്ങളുടെ തിരഞ്ഞെടുപ്പുകൾ എന്തൊക്കെയോ അതിന്റെ ആകെത്തുകയാണ് നിങ്ങളുടെ ജീവിതം. കണ്ണുതുറക്കുമ്പോഴേ കട്ടിലിന് അപ്പുറത്തുനിന്നു മൊബൈൽഫോൺ കൈനീട്ടിയെടുത്ത് സോഷ്യൽ മീഡിയയിലെ നെഗറ്റിവിറ്റി കണ്ടുകൊണ്ടാണ് ദിവസം തുടങ്ങുന്നതെങ്കിൽ സർഗാത്മകമായൊന്നും ചെയ്യാൻ നിങ്ങൾക്കു കഴിയാത്തതിൽ അദ്ഭുതപ്പെടേണ്ടതില്ല. "If your connection with your internal voice isn't strong enough, then you will be controlled by the voices of the external world" എന്ന ഓർമപ്പെടുത്തലോടെയാണ് ഗ്രന്ഥകാരി പുസ്തകം ഉപസംഹരിക്കുന്നത്. സർഗാത്മകത എന്ന പദത്തിന് പുതിയൊരു കാഴ്ചയും കാഴ്ചപ്പാടും നൽകുന്നു ഈ പുസ്തകം. Amaryllis ആണ് പ്രസാധകർ. ആമസോൺ കിൻഡിലിലും പുസ്തകം ലഭ്യമാണ്.

---

**ജീവിതനാളങ്ങൾ – 1** | **സെഡ്**

## ദീപനാളങ്ങൾ മിഴിതുറക്കുമ്പോൾ

അന്ന് ഇവിടെ മുളച്ചവ മിക്കതും വാടിവീണു.
ഇന്നല്ലെങ്കിൽ നാളെ എല്ലാം വീണ്ടും തളിർക്കും!

മൺവിളക്കുകളും മെഴുതിരികളും വൈദ്യുതദീപങ്ങൾപോലും നിശ്ചിതനാളുകൾക്കകം അണഞ്ഞുതീരുന്നു. ലോകം അറിഞ്ഞവരും അറിയാത്തവരും എല്ലാവരും ഇവിടെനിന്ന് വിടപറഞ്ഞകലുന്നു. എത്രയോ ജീവിതങ്ങൾ നമ്മെ വിട്ടുപിരിയുന്നു. നാമറിയാതെ വിടവാങ്ങൽവേളയിൽ നമ്മുടെ നയനങ്ങൾ നനയുന്നു. പക്ഷേ, ഒരു സത്യം സൂക്ഷിച്ചുവീക്ഷിച്ചാൽ നമ്മൾ കണ്ടെത്തും. നഷ്ടപ്പെടുന്നതും വിടപറഞ്ഞകലുന്നതും മറ്റൊരു പ്രകാരത്തിൽ ഇവിടെ പുനർജനിക്കുന്നു. എത്രയോ ഗായകർ, രാജാക്കന്മാർ, സാഹിത്യകാരന്മാർ, കവികൾ, വിശുദ്ധാത്മാക്കൾ, നേതാക്കന്മാർ എല്ലാവരെയും അതിശയിപ്പിക്കുന്ന പിൻമുറക്കാർ എങ്ങും എവിടെയും പ്രത്യക്ഷപ്പെടുന്നു.

പരകോടിതാരങ്ങൾ മാഞ്ഞുപോയാലും
പുതുതാരകോടികൾ വിണ്ണിൽ വിളങ്ങിടും.

## സി. മേരി ബനീഞ്ഞാ അവാർഡ് പ്രൊഫ. ജോസ് കെ. മാനുവലിനും ഫാ. ഡോ. ജയിംസ് പുലിയുറുമ്പിലിനും


പ്രൊഫ. ജോസ് കെ. മാനുവൽ


ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

പാലാ: 2024 ലെ സി. മേരി ബനീഞ്ഞ അവാർഡിന് എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സിലെ പ്രൊഫസർ ജോസ് കെ. മാനുവലും, വാനമ്പാടി അവാർഡിന് പാലാ ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരി പ്രൊഫസർ ഫാ. ഡോ. ജയിംസ് പുലിയുറുമ്പിലും അർഹരായി.

നോവൽ, ചെറുകഥ, തിരക്കഥ, സാഹിത്യ വിമർശനം എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ പ്രൊഫ. ജോസ് കെ. മാനുവൽ 27 ഗ്രന്ഥങ്ങളും നൂറിലേറെ ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സിനിമയെക്കുറിച്ചുള്ള ഗ്രന്ഥത്തിന് 2003 ലും 2010 ലും ഫിലിം ക്രിട്ടിക്സിനു 2003 ലും 2005 ലും അവാർഡുകൾ നേടി. കൂടാതെ, തകഴി കഥാ അവാർഡ്, പൊൻകുന്നം വർക്കി ചെറുകഥ അവാർഡ്, ജെ.സി. ഡാനിയൽ തിരക്കഥാ അവാർഡ്, തുടങ്ങി ഒട്ടനവധി പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. ഫലകവും പ്രശസ്തിപത്രവും ക്യാഷ് അവാർഡും അടങ്ങുന്നതാണ് ബനീഞ്ഞാ അവാർഡ്.

2003 മുതൽ 2020 വരെ വടവാതൂർ പൗരസ്ത്യവിദ്യാപീഠം പ്രൊഫസറായിരുന്ന ഡോ. ജയിംസ് പുലിയുറുമ്പിൽ, സെന്റ് തോമസ് ഇൻ ഇന്ത്യ, ഹിസ്റ്ററി ഓഫ് സീറോ മലബാർ ചർച്ച്, സീറോ മലബാർ ഹയരാർക്കി ഹിസ്റ്റോറിക്കൽ ഡവലപ്മെന്റ് തുടങ്ങി 27 തിരുസഭചരിത്രഗ്രന്ഥങ്ങളുടെ രചയിതാവാണ്. ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് വാനമ്പാടി അവാർഡ്.

2025 ഫെബ്രുവരി 26 ന് ഇലഞ്ഞിയിൽവച്ചു നടത്തുന്ന മഹാകവി മേരി ബനീഞ്ഞാ ജനന ശതോത്തര രജതജൂബിലിസമ്മേളത്തിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡുകൾ സമ്മാനിക്കും.

## ജോൺ കച്ചിറമറ്റത്തിന് ആർ.വി. തോമസ് പുരസ്കാരം


ജോൺ കച്ചിറമറ്റം

പാലാ: സംശുദ്ധമായ പൊതുപ്രവർത്തനത്തിന് ആർ.വി. സ്മാരകസമിതി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരത്തിന് കാൽനൂറ്റാണ്ടുകാലം അഖിലകേരള കത്തോലിക്കാകോൺഗ്രസ് ജനറൽ സെക്രട്ടറിയും പിന്നീട് പ്രസിഡന്റും മലനാട് കർഷകയൂണിയന്റെ സ്ഥാപകനേതാവുമായിരുന്ന ജോൺ കച്ചിറമറ്റം തിരഞ്ഞെടുക്കപ്പെട്ടു.

1961 ൽ അയ്യപ്പൻകോവിലിൽ കർഷകരെ സർക്കാർ കുടിയിറക്കിയപ്പോൾ ഫാ. വടക്കനുമൊത്ത് അമരാവതിയിൽ ഉപവാസസമരത്തിനും വൻകർഷകപ്രതിഷേധത്തിനും നേതൃത്വം നൽകിയ ജോൺ കച്ചിറമറ്റം കാൽനൂറ്റാണ്ടുകാലം കത്തോലിക്കാകോൺഗ്രസിന്റെ അമരക്കാരനെന്ന നിലയിൽ സമുദായത്തിനും നേതൃത്വം നൽകി. അറിയപ്പെടുന്ന ചരിത്രകാരനായ അദ്ദേഹം നൂറിലധികം ചരിത്ര-ജീവചരിത്രഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യസമരസേനാനിയും നിയമസഭാ സ്പീക്കറുമായിരുന്ന ആർ.വി. തോമസിന്റെ എഴുപതാം ചരമവാർഷികത്തോടനുബന്ധിച്ച് 22 ന് വൈകുന്നേരം നാലിന് പാലാ നെല്ലിയാനി ലയൺസ് ക്ലബ് ഹാളിൽ നടക്കുന്ന ചടങ്ങിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പുരസ്കാരം സമ്മാനിക്കും.


ബീന ജോഷി


സിജി ലൂക്സൺ

സീറോമലബാർ സഭ മാതൃവേദി ഗ്ലോബൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബീന ജോഷി പുലിക്കോട്ടിലും (തൃശൂർ അതിരൂപത) സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സിജി ലൂക്സൺ പടന്നമാക്കലും (പാലാ രൂപത).

## പാലാ സെന്റ് തോമസ് കോളജിൽ വിദ്യാഭ്യാസ–സാംസ്കാരിക പ്രദർശനമേള



പാലാ: സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 19 മുതൽ 26 വരെ വിദ്യാഭ്യാസ-സാംസ്കാരികപ്രദർശനമേള 'ലുമിനാരിയ' സംഘടിപ്പിക്കും.

വൈജ്ഞാനിക, സാംസ്കാരികമേഖലകളിലെ ഏറ്റവും നൂതനമായ അറിവുകളിലേക്കും കാഴ്ചകളിലേക്കും വെളിച്ചം വീശുന്ന നിരവധി സ്റ്റാളുകളാണ് ഇന്ത്യയിലെതന്നെ മികച്ച സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും ശ്രദ്ധേയരായ വ്യക്തികളുടെയും സഹകരണത്തോടെ ഒരുക്കുന്നത്. വിക്രം സാരാഭായ് സ്പേസ് സെന്റർ ഒരുക്കുന്ന ശാസ്ത്രപ്രദർശനം, മെഡക്സ്, മോട്ടോ എക്സ്പോ, പുസ്തകമേള, സാഹിത്യോത്സവം, പെറ്റ് ഷോ, പുരാവസ്തുപ്രദർശനം, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള കാർഷികമേള, കേരളവനംവകുപ്പിന്റെ വിവിധ സ്റ്റാളുകൾ, ഫുഡ് ഫെസ്റ്റ്, ഫാഷൻ ഷോ, ഇന്റർ കൊളീജിയറ്റ് ഡാൻസ് മത്സരങ്ങൾ, കയാക്കിങ്, പ്രശസ്തരായ കലാകാരന്മാരെ ഉൾപ്പെടുത്തിയുള്ള പെയിന്റിങ് ബിനാലെയും ചിത്രപ്രദർശനവും, റോബോട്ടിക്സ് ഗെയിമുകൾ, പ്ലാനറ്റോറിയം, കിഡ്സ് പാർക്ക്, വൈവിധ്യമാർന്ന കരകൗശലവസ്തുക്കളുടെ നിർമാണവും പ്രദർശനവും എന്നിവയ്ക്കൊപ്പം കോളജിലെ 21 ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിലുള്ള വൈവിധ്യമാർന്ന സ്റ്റാളുകളും മേളയുടെ ഭാഗമാണ്.

മധ്യതിരുവിതാംകൂറിലെ ഏറ്റവും വിപുലവും വൈവിധ്യമാർന്നതുമായ വിദ്യാഭ്യാസ-സാംസ്കാരിക മേളയ്ക്കാണ് പാലാ സെന്റ് തോമസ് കോളജ് വേദിയാകുന്നത്. 1200 ഓളം സ്കൂളുകൾ, എൻജിനീയറിങ് കോളജുകൾ, ആർട്ട്സ് ആൻഡ് സയൻസ് കോളജുകൾ എന്നിവിടങ്ങളിൽനിന്നുള്ള വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവരുൾപ്പെടെയുള്ളവർക്ക് വിപുലമായ സൗകര്യങ്ങളാണ് സംഘാടകർ ഏർപ്പെടുത്തിയിരിക്കുന്നത്. ബോളിവുഡ് ഗായിക ശില്പ റാവു നയിക്കുന്ന സംഗീതനിശയിലും ദക്ഷിണേന്ത്യയിലെ പ്രശസ്തരായ എട്ട് മ്യൂസിക് ബാന്റുകൾ അവതരിപ്പിക്കുന്ന സംഗീതനൃത്തകലാപരിപാടികളിലും പ്രത്യേക പാസ്മൂലമാണ് പ്രവേശനം നൽകുന്നത്.

വിദ്യാഭ്യാസം, ചരിത്രം, ശാസ്ത്രം, പരിസ്ഥിതി, സാഹിത്യം, കല, കായികം, വൈദ്യശാസ്ത്രം എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഇന്ത്യയിലെ ശ്രദ്ധേയരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്.

വാർത്താസമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ ഡോ. സിബി ജയിംസ്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. സാൽവിൻ കാപ്പിലിപ്പറമ്പിൽ, ബർസാർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, കായിക വിഭാഗം മേധാവി ആശിഷ് ജോസഫ്, ജോജി ജേക്കബ്, ഡോ ജിൻസ് കാപ്പൻ തുടങ്ങിയവർ പങ്കെടുത്തു.


# കാടിറങ്ങുന്ന വനനിയമം

(1-ാം പേജ് തുടർച്ച)

പ്രതിയുടെ കൈവശമുള്ള തേനോ മരമോ മറ്റെന്തെങ്കിലും വസ്തുവോ 'വനവിഭവം' ആണോ എന്ന തീരുമാനമെടുക്കാൻ വനംവകുപ്പിന്റെ റേഞ്ച് ഓഫീസറെയാണ് അധികാരപ്പെടുത്തുന്നത്.


വെറും സംശയത്തിന്റെ പേരിൽ ഒരാളെ വനാതിർത്തിക്കു പുറത്തെവിടെയെങ്കിലുംവച്ചു പിടികൂടാം; അയാളുടെ വീടോ പെട്ടിയോ ബാഗോ പരിശോധിക്കുകയും ചെയ്യാം. ഒരു കോടതിയുടെ വാറന്റില്ലാതെ ഒരു പൗരന്റെ സ്വാതന്ത്ര്യം ഹനിച്ച് പൊലീസ് അറസ്റ്റു ചെയ്യുന്നതുപോലും ഇഷ്ടപ്പെടാത്ത സുപ്രീം കോടതി 2024 ജൂലൈയിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിൽ സുപ്രീംകോടതി കർശനമായ ചില വ്യവസ്ഥകൾ പൊലീസുകാരുടെ അറസ്റ്റിനുപോലും നിർദേശിച്ചിരുന്നു.

അങ്ങനെ വാറന്റില്ലാതെ അറസ്റ്റു ചെയ്യുന്ന പ്രതിയെ ഒട്ടും താമസമില്ലാതെ കോടതിക്കു മുമ്പാകെ ഹാജരാക്കണമെന്നും അപ്പോൾത്തന്നെ വിശദമായ ഒരു ചെക്കുലിസ്റ്റ് കോടതിയിൽ സമർപ്പിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഈ ചെക്കുലിസ്റ്റിൽ കുറ്റകൃത്യത്തിന്റെ വിവരങ്ങൾ, പ്രതി ഒളിവിലായിരുന്നോ പ്രതിയെ അറസ്റ്റു ചെയ്തില്ലെങ്കിൽ തെളിവു നശിപ്പിക്കാനോ സാക്ഷികളെ സ്വാധീനിക്കാനോ ഇടയുണ്ടായിരുന്നോ മുതലായ പല ചോദ്യങ്ങൾക്കും ഉത്തരം നൽകാനാവശ്യപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, പ്രത്യേകപരിശീലനം ലഭിച്ചിട്ടുള്ള പൊലീസ് ഉദ്യോഗസ്ഥർപോലും, വാറന്റില്ലാതെ അറസ്റ്റു ചെയ്യുമ്പോൾ വളരെ ഗൗരവത്തോടെയും സൂക്ഷ്മതയോടെയുംമാത്രമേ ആ അധികാരം ഉപയോഗിക്കാവൂ എന്നാണ് സുപ്രീംകോടതി നിഷ്കർഷിക്കുന്നത്.



അപ്പോഴാണ്, ഇവിടെ വനം പരിധിക്കു പുറത്തുള്ള സ്ഥലങ്ങളിൽവച്ച് സംശയത്തിന്റെ പേരിൽമാത്രവും വാറന്റില്ലാതെയും അറസ്റ്റു ചെയ്യാനും വീടും വസ്തുവകകളും പരിശോധിക്കാനും വനംവകുപ്പിലെ കീഴുദ്യോഗസ്ഥർക്ക് അധികാരം നൽകാനുള്ള പുറപ്പാട്!

ഇതേപോലുള്ള ഒരു ഭേദഗതിബിൽ 2019 ലും ഇതേ കേരള സർക്കാർ കൊണ്ടുവന്നിരുന്നെങ്കിലും ജനങ്ങളുടെ എതിർപ്പു പരിഗണിച്ച് അതു പിൻവലിക്കുകയായിരുന്നു. പുതിയ അധികാരങ്ങൾ ലഭിക്കുന്ന ഈ കീഴ്ജീവനക്കാർ പലരും താത്കാലികാടിസ്ഥാനത്തിൽ ഭരണകക്ഷിനേതാക്കളുടെ ശിപാർശകൾക്കുവഴങ്ങി നിയമനം ലഭിച്ചവരാണ് എന്നതും മനസ്സിലാക്കുക. അപ്പോൾ, കുറ്റവാളികളല്ലാത്ത രാഷ്ട്രീയ എതിരാളികളെയും വാറന്റില്ലാതെ അറസ്റ്റുചെയ്ത് രാഷ്ട്രീയപകപോക്കൽ നടക്കാനുമിടയുണ്ട്. പൊലീസ്വകുപ്പിനു പുറത്തു മറ്റു വകുപ്പുകൾക്കും സംസ്ഥാന മൊട്ടാകെ പൊലീസ് അധികാരം നൽകുന്നത് ഒരിക്കലും അനുവദിക്കാവുന്നതല്ല; അനാവശ്യവും അധാർമികവുമായ പീഡനങ്ങൾ ഏൽക്കാനിടയാകാതെ കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ, കേരളസർക്കാർ ഈ ഭേദഗതി ബിൽ പിൻവലിക്കണം. ■




**ജനുവരി 26**
**ദനഹാക്കാലം**
**നാലാം ഞായർ**

**സംഖ്യ 11:23–35**
**ഏശ 46:5–13**
**ഹെബ്രാ 7:23–28**
**യോഹ 2:1–11**



# മനുഷ്യന്റെ അധ്വാനവും ദൈവത്തിന്റെ ആശീർവാദവും



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**ഇ**ന്നത്തെ ദൈവവചനപ്രഘോഷണങ്ങളെല്ലാം ദൈവികവെളിപ്പെടുത്തലുകളെക്കുറിച്ചുള്ളതാണ്. പഴയനിയമവായനകൾ ദൈവമഹത്ത്വത്തെക്കുറിച്ചാണു പ്രഘോഷിക്കുന്നത്. മോശയിലൂടെയും തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാരിലൂടെയും ദൈവമഹത്ത്വം വെളിപ്പെടുന്നതാണ് സംഖ്യയുടെ പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ പ്രഘോഷണം. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ പ്രഘോഷണത്തിൽ ഇസ്രയേലിന്റെ ആസന്നമായ രക്ഷയെക്കുറിച്ചുള്ള വെളിപാടാണു നല്കുന്നത്. രക്ഷയുടെ മധ്യസ്ഥനും നിത്യപുരോഹിതനുമാണ് മിശിഹാ എന്ന കാര്യമാണ് ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം പ്രഘോഷിക്കുന്നത്.

യോഹന്നാൻശ്ലീഹായുടെ സുവിശേഷമനുസരിച്ച് മിശിഹാ ചെയ്ത അടയാളങ്ങളിൽ ഒന്നാമത്തേതായിരുന്നു കാനായിലെ അടയാളം. ഈശോ വളർന്ന പട്ടണമായ നസ്രത്തിൽനിന്ന് അധികദൂരത്തല്ലാതെ സ്ഥിതിചെയ്തിരുന്ന ഗ്രാമമാണ് കാനാ. അവിടെ ഒരു വിവാഹവിരുന്നിൽ ഈശോ ചെയ്ത അദ്ഭുതമാണ് ഇന്നത്തെ സുവിശേഷപ്രഘോഷണം. ഈശോ ഇവിടെ ചെയ്തത് വീഞ്ഞു തീർന്നുപോയ അവസരത്തിൽ അവരുടെ കഷ്ടപ്പാടിൽ സഹായിക്കാൻ വീഞ്ഞ് ഉണ്ടാക്കിക്കൊടുത്തു എന്ന ഒരു അദ്ഭുതമല്ല; മറിച്ച്, അത് ഒരു അടയാളമായിരുന്നു; വലിയൊരു വെളിപ്പെടുത്തലായിരുന്നു. മൂന്നാം ദിവസം ഗലീലിയായിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു എന്നാണ് സുവിശേഷകൻ പറയുന്നത്. മൂന്നാം ദിവസം ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനെ സൂചിപ്പിക്കുന്നതാണ്. പുറപ്പാടുപുസ്തകം 19:6ൽ ദൈവമായ കർത്താവ് ഇസ്രയേൽജനത്തിനു തന്നെത്തന്നെ വെളിപ്പെടുത്തുന്നത് മൂന്നാം ദിവസമാണ്. പുതിയനിയമത്തിൽ മൂന്നാം ദിവസമെന്നു പറയുന്നത് കർത്താവിന്റെ ഉത്ഥാനത്തിന്റെ ദിവസമാണ്; ദൈവികവെളിപാടുകളുടെ പൂർണത അവിടുത്തെ ഉത്ഥാനമാണല്ലോ. മൂന്നാം ദിവസം നടന്ന സംഭവമായി കാനായിലെ കല്യാണവിരുന്നിനെക്കുറിച്ചു പറയുമ്പോൾ അവിടെയും ദൈവികവെളിപാട് നടക്കുന്നു വെന്നതാണ് യാഥാർഥ്യം. ഈശോയെ ഇസ്രായേലിനു വെളിപ്പെടുത്തുന്ന അടയാളങ്ങളുടെ ആരംഭമാണ് ഇവിടെ നടക്കുന്നത്.

വിരുന്ന് മിശിഹായുടെ രാജ്യത്തിന്റെ സമൃദ്ധിയും സന്തോഷവും ചിത്രീകരിക്കാൻ പ്രവാചകന്മാർ ഉപയോഗിക്കുന്ന പ്രതീകമാണ് (എശ. 25:68; ഹോസി. 2:19–20, ജറെ. 3:12). ഇസ്രയേലും ദൈവവുമായുള്ള ഉടമ്പടിബന്ധത്തിന്റെയും (ഏശയ്യ 54:6–8; ജറെ. 2:2) സഭയും മിശിഹായും തമ്മിലുള്ള ബന്ധത്തിന്റെയും അടയാളമായി വിശുദ്ധഗ്രന്ഥത്തിൽ പ്രതീകാത്മകമായി ഉപയോഗിച്ചിട്ടുണ്ട് (1 കോറി. 11:2; എഫേ. 5:25,26). ശൂന്യമായ ആറു കൽഭരണികളും പഴയനിയമത്തിന്റെ പ്രതീകമാണ്. അത് ശുദ്ധീകരണത്തിന് ഉപയോഗിച്ചിരുന്നതാണ്. ശുദ്ധീകരണജലത്തെക്കുറിച്ച് ലേവ്യർ 19:11–22 പറയുന്നുണ്ട്. പഴയനിയമം പൂർത്തിയായി; പുതിയനിയമത്തിന്റെ ആരംഭം കുറിക്കുന്നതാണ് കാനായിൽ സംഭവിക്കുന്നത്. വീഞ്ഞിന്റെ സമൃദ്ധിയും പുതുവീഞ്ഞും മിശിഹായുടെ വരവിന്റെ അടയാളമായി പ്രവാചകർ പറഞ്ഞിട്ടുണ്ട് (ഏശ. 25:6; ജോയേ. 3:18; ആമോസ് 9:13). ഇപ്രകാരം, മിശിഹായുടെ വരവ് യാഥാർഥ്യമായി എന്നു പ്രഘോഷിക്കുകയാണ് കാനായിലെ വിരുന്നിൽ സംഭവിക്കുന്നത്. പുതിയനിയമ രക്ഷാപദ്ധതിയുടെ ആരംഭം കുറിക്കുന്ന സംഭവമാണ്. മിശിഹാരഹസ്യങ്ങൾ ധ്യാനിച്ചിരുന്ന മറിയം ഇവിടെ മിശിഹായോടൊത്തു സഹകരിക്കുന്നു. ദൈവശാസ്ത്രപരമായി ഈ വചനഭാഗത്തിന്റെ ലക്ഷ്യം ഇതാണ്. എന്നാൽ, ആത്മീയവളർച്ചയ്ക്ക് ഉപകരിക്കുന്ന വ്യത്യസ്ത വിചിന്തനങ്ങൾ ഈ വചനഭാഗത്തെ അടിസ്ഥാനപ്പെടുത്തി നല്കുന്നുണ്ട്.

ഈശോനാഥൻ പങ്കെടുത്തുകൊണ്ടിരുന്ന വിവാഹവിരുന്നിൽ അതു സംഭവിച്ചു. ആളുകൾ അടക്കംപറയാൻ തുടങ്ങി. ആ വാർത്ത മാതാവിന്റെ ചെവിയിലുമെത്തി. കുടുംബനാഥന്റെ മാനുഷികപ്രശ്നവും തന്റെ പുത്രന്റെ ദൈവികതയും മനസ്സിലാക്കിയ അമ്മ, മാനുഷികപ്രശ്നത്തെ ദൈവസന്നിധിയിലേക്ക് എത്തിക്കുകയാണ്. ദൈവസന്നിധിയിൽനിന്നു ശ്രവിച്ച വചനമനുസരിച്ചു പ്രവർത്തിച്ചപ്പോൾ മാനുഷികമായ കുറവുകൾ നികത്തപ്പെടുന്നതായി നാം കാണുന്നു. നമ്മുടെ ജീവിതയാത്രയിലും മാനുഷികമായ കുറവുകളും പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടിവരും. അപ്പോൾ എന്തുചെയ്യണമെന്ന സന്ദേശമാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. കുറവുകളെ നികത്തുന്ന ദൈവത്തിന്റെ സന്നിധിയിലേക്കു പ്രശ്നങ്ങളെ എത്തിക്കുകയാണ്.

ജീവിതമാകുന്ന കുടങ്ങൾ സൽപ്രവൃത്തികളാകുന്ന വീഞ്ഞുകൊണ്ടു നിറച്ചെങ്കിലേ മറ്റുള്ളവർക്കു സന്തോഷം നല്കാൻ സാധിക്കൂ. ജീവിതത്തിലെ നന്മ വറ്റുമ്പോൾ അസ്വസ്ഥത നിറയുന്നു. നന്മകൊണ്ടു നാം നിറയണമെങ്കിൽ നന്മയുടെ നിറകുടവുമായി നിരന്തരബന്ധം പുലർത്തണം. അതിനു നമ്മെ സഹായിക്കുന്നത് ദിവ്യാംബികയാണ്. കാരണം, പരിശുദ്ധ ജനനിയാണ് നന്മയുടെ നിറകുടവുമായി ഏറ്റവുമധികം സഹകരിച്ച വ്യക്തി. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിലേക്കു പ്രവഹിച്ചപ്പോൾ വെള്ളം വീഞ്ഞായി മാറി. മാനുഷികതയെ ദൈവികതകൊണ്ടു പവിത്രീകരിക്കാൻ സാധിക്കണമെങ്കിൽ നമ്മുടെ മാനുഷികമായ ഇടപെടലുകളിൽ അമ്മയെയും മകനെയും വിളിക്കണം. കാനായിലെ കുടുംബനാഥൻ വിവാഹാവസരത്തിലേക്ക് അമ്മയെയും മകനെയും ക്ഷണിച്ചിരുന്നതുകൊണ്ട് മാനുഷികമായ കുറവു പരിഹരിക്കാൻ സാധിച്ചു. നമ്മുടെ ജീവിതമണ്ഡലങ്ങളിലെല്ലാം അമ്മയുടെയും മകന്റെയും ജീവിതമാർഗങ്ങളിലൂടെ ചരിക്കാൻ സാധിക്കണം. അതിന് അമ്മ നമ്മോടു പറയുന്നത് അവൻ പറയുന്നതുപോലെ ചെയ്യുവിൻ എന്നാണ്. അമ്മ എപ്പോഴും പുത്രനിലേക്കു നയിക്കുകയാണ്. നമ്മുടെ ജീവിതമാകുന്ന കൽഭരണികൾ നമുക്കു നല്കിയിരിക്കുന്ന കഴിവുകളനുസരിച്ച് നിറയ്ക്കുമ്പോൾ ദൈവം ബാക്കി കാര്യങ്ങൾ നോക്കിക്കൊള്ളും. മനുഷ്യൻ ഓരോരുത്തരും തങ്ങളുടെ കർത്തവ്യങ്ങൾ കഴിയുന്നത്ര പൂർണതയോടെ ചെയ്യാൻ ശ്രമിക്കുമ്പോൾ ദൈവികചൈതന്യം ഒഴുകിയെത്തി അവനെ വിശുദ്ധീകരിക്കും. ദൈവത്തിന്റെ സന്നിധിയിൽ നമ്മെ പൂർണമായും സമർപ്പിക്കുമ്പോൾ ദൈവകൃപ നമ്മിൽ നിറയുന്നു. അതിനായി, ദൈവസാന്നിധ്യബോധത്തോടെ നമുക്കു ജീവിക്കാം. ദൈവസാന്നിധ്യബോധം നമ്മുടെ കുടുംബങ്ങളിൽ നിറയുന്നതു കുടുബപ്രാർഥനവഴിയും കൗദാശികജീവിതസരണിയിലൂടെയുമത്രേ.

ദൈവവചനത്തെ യുക്തികൊണ്ടു വെട്ടിമുറിക്കാനുള്ളതല്ല; മറിച്ച്, ദൈവവചനത്തിന്റെ മുമ്പിൽ യുക്തിപൂർവകമായ ഒരു സമർപ്പണമാണു വേണ്ടിയിരിക്കുന്നത്. വീഞ്ഞ് ഇല്ലാത്തിടത്ത് വെള്ളം കോരാൻ പറഞ്ഞപ്പോൾ പരിചാരകർ യുക്തികൊണ്ട് അതിനെ വെട്ടിമുറിക്കാതെ ദൈവവചനത്തിന്റെമുമ്പിൽ ഒരു സമർപ്പണം നടത്തി. മനുഷ്യന്റെ അധ്വാനവും ദൈവത്തിന്റെ ആശീർവാദവും ഒന്നുചേർന്നപ്പോൾ അദ്ഭുതമുണ്ടായി. അതൊരു അടയാളമായി വർത്തിച്ചു.

ഈ സുവിശേഷഭാഗം പ്രധാനപ്പെട്ടതാകുന്നത് ദിവ്യാംബികയെക്കുറിച്ചുള്ള പരാമർശംകൊണ്ടുകൂടിയാണ്. കത്തോലിക്കരും പെന്തക്കോസ്തുസഭാവിഭാഗങ്ങളും ഈ വചനത്തിനു വളരെ പ്രാധാന്യം നല്കുന്നു. സുവിശേഷാധിഷ്ഠിതമായി മാതൃഭക്തിക്കു പ്രാധാന്യം നല്കുന്നതിനുവേണ്ടി വിശ്വാസികൾ ഈ വചനഭാഗം ഉദ്ധരിക്കുമ്പോൾ പെന്തക്കോസ്തുസഹോദരർ എതിർക്കുന്നു. അതിനു കാരണം, ഈ ഭാഗത്ത് ക്രിസ്തു മറിയത്തെ 'സ്ത്രീ' എന്ന് അഭിസംബോധന ചെയ്യുന്നതാണ്. സ്ത്രീ എന്ന് സ്വന്തം അമ്മയെ വിളിച്ചതു മാതാവിനെ ഈശോ അംഗീകരിക്കാത്തതുകൊണ്ടല്ല. ദൈവശാസ്ത്രപരമായി അതിന് ആഴമായ അർഥമുണ്ട്. മറിയം ഇവിടെ നില്ക്കുന്നത് ഈശോയുടെ അമ്മയായി മാത്രമല്ല; പ്രത്യുത, രക്ഷാകർമത്തിൽ ക്രിസ്തുവിനോടു സഹകരിക്കുന്ന വ്യക്തിയായിക്കൂടിയാണ്. ദൈവമഹത്ത്വീകരണം രക്ഷാകരമാണ്. ഈ മഹത്ത്വീകരണത്തിന് ഈശോയോടു സഹകരിക്കുന്ന സ്ത്രീയാണ് മാതാവ്. മനുഷ്യന്റെ വീഴ്ചയിൽ പുരുഷനോടൊപ്പം ഒരു സ്ത്രീ സഹകരിച്ചു. രക്ഷാകർമത്തിൽ രണ്ടാമത്തെ ആദമായ ഈശോയോടു സഹകരിക്കുന്ന രണ്ടാം ഹവ്വയാണ് മാതാവ്. ഇതാണ് സ്ത്രീയെന്ന വാക്കിന്റെ സൂചന. ദൈവമഹത്ത്വീകരണത്തിൽ ആദ്യന്തം സഹകരിക്കുന്ന വ്യക്തിയാണ് മറിയം. ഈശോയുടെ വെളിപ്പെടുത്തലിൽ മാതാവിനു പ്രത്യേക ദൗത്യമുണ്ട്. അതുകൊണ്ടാണ്, എനിക്കും നിനക്കും എന്ത് എന്നു ചോദിക്കുന്നത്.

മാതാവിനെ സ്ത്രീ എന്ന് രണ്ടു പ്രാവശ്യം ഈശോ അഭിസംബോധന ചെയ്യുന്നു. കുരിശിൻചുവട്ടിൽവച്ച്, സ്ത്രീയേ, ഇതാ നിന്റെ മകൻ (യോഹ. 19:26) എന്ന് അവിടുന്നു പറയുന്നു. അടയാളങ്ങളുടെ ആരംഭത്തിലും അവസാനത്തിലും മാതാവിനെ സ്ത്രീയെന്നാണ് അഭിസംബോധന ചെയ്യുന്നത്. അതിനാൽ, ഈ ഭാഗം മാനുഷികബന്ധങ്ങളുടെ അടിസ്ഥാനത്തിലല്ല; മറിച്ച്, ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിലാണു മനസ്സിലാക്കേണ്ടത്. ■

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

# സത്യവിശ്വാസം സംരക്ഷിക്കാൻ





ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

2

ആരിയൂസിന്റെ പുതിയ പഠനങ്ങൾ റോമാസാമ്രാജ്യത്തിൽ ഉളവാക്കിയ അസ്വസ്ഥതകൾ ഒരു സഭാസമ്മേളനം വിളിച്ചുകൂട്ടുന്നതിന് അന്നത്തെ റോമൻചക്രവർത്തിയായ കോൺസ്റ്റന്റൈനെ പ്രേരിപ്പിച്ചു. കൊർദോവായിലെ ഹോസിയൂസിന്റെ മധ്യസ്ഥശ്രമവും പരാജയപ്പെട്ടപ്പോഴാണ് കൗൺസിൽ വിളിച്ചുകൂട്ടാൻ ചക്രവർത്തി തീരുമാനിച്ചത്. ആരിയൂസിനെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്തവർ ഉണ്ടായിരുന്നതുകൊണ്ട് എന്താണു സത്യം, ഏതാണു ശരിയായ പഠനം എന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. അതിനാലാണ് ഒരു പൊതുസമ്മേളനത്തിൽ ഇക്കാര്യം ചർച്ചചെയ്ത് കൃത്യമായ തീരുമാനത്തിലെത്താൻ ചക്രവർത്തി ശ്രമിച്ചത്. ആരിയൂസിന്റെ പഠനങ്ങൾ സൃഷ്ടിച്ച പ്രശ്നങ്ങൾ കൂടാതെ ഈസ്റ്റർദിവസത്തെ സംബന്ധിച്ച വാഗ്വാദങ്ങളും ഈ കൗൺസിലിനു കളമൊരുക്കി. ഈ കൗൺസിലിലേക്കു ക്ഷണിച്ചുകൊണ്ട് കോൺസ്റ്റന്റൈൻ ചക്രവർത്തി തന്റെ സാമ്രാജ്യത്തിലെ എല്ലാ മെത്രാന്മാർക്കും കത്തയച്ചു. ബിഥീനിയായിലെ നിഖ്യാ എന്ന സ്ഥലത്താണ് കൗൺസിൽ വിളിച്ചുകൂട്ടിയത്. ബിഥീനിയ അഥവാ അനത്തോലിയ അന്നത്തെ ഏഷ്യാമൈനറിലെ (ഇപ്പോഴത്തെ തുർക്കി) ഒരു പ്രദേശമായിരുന്നു. അവിടത്തെ ഒരു പ്രധാന ക്രൈസ്തവപട്ടണമായിരുന്നു നിഖ്യാ. ബിഥീനിയ, ഗലേഷ്യ, ഫ്രീജിയാ തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഏഷ്യാമൈനർ അന്ന് ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ള രാജ്യമായിരുന്നു. 1204 മുതൽ 1261 വരെ ബൈസന്റൈൻസാമ്രാജ്യത്തിന്റെ താത്കാലികതലസ്ഥാനവുമായിരുന്നു. അങ്ങനെ, ഗ്രീക്കുസംസ്കാരത്തിന്റെയും ക്രൈസ്തവമതത്തിന്റെയും കേന്ദ്രമായ നിഖ്യായാണ് ആദ്യസാർവത്രികസൂനഹദോസിനായി കോൺസ്റ്റന്റൈൻ ചക്രവർത്തി തിരഞ്ഞെടുത്തത്.

**1. സമ്മേളനത്തിൽ പങ്കെടുത്തവർ**

325 മേയ് 20 മുതൽ ജൂലൈ 25 വരെയായിരുന്നു സമ്മേളനം. രണ്ടുമാസം നീണ്ട ഈ സമ്മേളനം ചക്രവർത്തിയുടെ നിഖ്യായിലെ വേനൽക്കാലവസതിയിലെ ഒരു ഹാളിലായിരുന്നു. സമ്മേളനത്തിലെ അംഗങ്ങളെ അഭിസംബോധന ചെയ്ത് ചക്രവർത്തി ലത്തീനിൽ സംസാരിച്ചു. രാജ്യത്തു സമാധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാട്ടി. ചില ദിവസങ്ങളിലെ സമ്മേളനങ്ങളിൽ രാജാവുതന്നെ പങ്കെടുത്തെങ്കിലും ചർച്ചയിലും തീരുമാനമെടുക്കുന്നതിലും അദ്ദേഹം ഇടപെട്ടില്ല. കൗൺസിലംഗങ്ങൾക്കു സ്വതന്ത്രമായി ചർച്ച ചെയ്യാൻ അവസരം കൊടുത്തു. സൂനഹദോസിൽ പങ്കെടുത്ത ചക്രവർത്തി താഴെവരുംവിധം പ്രസംഗിച്ചു:

“സ്നേഹിതരേ, എല്ലാറ്റിനെപ്രതിയും, എന്നാൽ പ്രത്യേകമായി ഇവിടെ സമ്മേളിച്ച നിങ്ങളെ കാണുന്നതിന് അനുവദിച്ചതിനെപ്രതി, ഞാൻ ദൈവത്തിനു നന്ദിപറയുന്നു. കാരണം, ക്രിസ്തുവിന്റെ പുരോഹിതന്മാരെ ഒന്നിച്ച് ഒരിടത്തു വിളിച്ചുകൂട്ടാൻ ഞാൻ വളരെ തീവ്രമായി ആഗ്രഹിച്ചു. ഇപ്പോൾ, നിങ്ങൾ ഏകമനസ്സായിരിക്കണമെന്നും ആത്മാവിന്റെ ഐക്യത്തിൽ ഒരേ അഭിപ്രായം പുലർത്തണമെന്നുള്ളതാണ് എന്റെ ആഗ്രഹം. ദൈവത്തിന്റെ സഭയിലെ വിഭജനമാണ് ഏറ്റവും വലിയ തിന്മ. നിങ്ങളുടെ ഇടയിൽ നുഴഞ്ഞുകയറിയ അഭിപ്രായഭിന്നതയെപ്പറ്റി കേട്ടപ്പോഴുള്ള കടുത്ത ദുഃഖം മറ്റൊരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല. ദൈവദാസന്മാരും സമാധാനം പകർന്നുനൽകുന്നവരുമായ നിങ്ങളുടെ ഇടയിൽ അത്തരം തിന്മയ്ക്കു യാതൊരിടവും ഉണ്ടാകരുതായിരുന്നു. അതിനാലാണ്, വിശുദ്ധ സിനഡിലേക്കു ഞാൻ നിങ്ങളെ വിളിച്ചുകൂട്ടിയത്. ഞാൻ നിങ്ങളുടെ ചക്രവർത്തിയും സഹവൈദ്യനുമാണ്. നമ്മുടെ പൊതുകർത്താവിനു സ്വീകാര്യമായ ഒരാനുകൂല്യം ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. സ്വീകരിക്കുന്ന എനിക്കും തരുന്ന നിങ്ങൾക്കും അതു ബഹുമാന്യമായിരിക്കും. ഇതാണ് ഞാൻ ആവശ്യപ്പെടുന്ന ആനുകൂല്യം: വിഭജനഹേതു എന്താണെന്നു പരിശോധിച്ച് ഈ തർക്കം ഇതോടെ അവസാനിപ്പിക്കുക. അങ്ങനെ നിങ്ങളുടെ ഇടയിൽ സമാധാനവും അഭിപ്രായൈക്യവും പുനഃസ്ഥാപിക്കുക. അതുവഴി, നിങ്ങളോടൊപ്പം ഞാൻ നമ്മുടെ പൊതുശത്രുവായ പിശാചിന്മേൽ ജയം നേടട്ടെ. അവനാണ് ഈ ആഭ്യന്തരകലഹം ഇളക്കിവിട്ടത്. കാരണം, ബാഹ്യശത്രുക്കളെ കീഴ്പ്പെടുത്തി കാൽക്കീഴിലമർത്തിയതുകണ്ട് അവൻ ഹാലിളകിയിരിക്കയാണ്” (*Ecclesiastical History*, Book 1, Ch. 19). ചക്രവർത്തി ഈ വാക്കുകൾ ലത്തീനിൽ പ്രസംഗിക്കുകയും ഒരാൾ അത് ഗ്രീക്കിൽ ഭാഷാന്തരം ചെയ്യുകയും ചെയ്തു.

തീരുമാനങ്ങൾ എടുത്തിരുന്നത് സഭയിലെ നേതാക്കന്മാരായിരുന്നു. രാജാവാണ് ഇതു വിളിച്ചുകൂട്ടിയതെങ്കിലും അതു രാജാധികാരപ്രയോഗമായി കണക്കാക്കാൻ പാടില്ല. കാരണം, നേരത്തേ കണ്ടതുപോലെ സഭയെ അസ്വസ്ഥമാക്കിയ ആരിയൂസ്പ്രശ്നത്തിൽ തീരുമാനമെടുക്കാൻ സഭയിലെ നേതാക്കന്മാരെ വിളിച്ചുകൂട്ടാൻ അദ്ദേഹം ധൈര്യം കാണിച്ചു എന്നതു നല്ലകാര്യംതന്നെ. പ്രശ്നങ്ങൾ പരിഹരിച്ചു എന്നുമാത്രമല്ല, സഭയ്ക്കു വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ശക്തമായ അടിത്തറയിടാനും അതു സഹായകമായി. ദൈവേഷ്ടത്തിന്റെ നടത്തിപ്പിന് അദ്ദേഹം അങ്ങനെ നിമിത്തമായിഭവിച്ചു എന്നു കണക്കാക്കിയാൽ മതി. റോമിലെ മാർപാപ്പാമാരുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി ഇതിനെ കാണാൻ പാടില്ല. കാരണം, അന്നു പല ക്രൈസ്തവകേന്ദ്രങ്ങളുണ്ടായിരുന്നു. അവയെ ഒന്നിപ്പിക്കുന്ന ഘടകം റോമൻചക്രവർത്തിതന്നെ ആയിരുന്നു. റോമിലെ മാർപാപ്പായുടെ സ്ഥാനം വാസ്തവത്തിൽ കൗൺസിലുകളോടെയാണു കൃത്യമായതും വർധിച്ചുവന്നതും; മറ്റു കേന്ദ്രങ്ങളുടെമേലുള്ള അധികാരം പ്രയോഗിക്കാൻ തുടങ്ങുന്നതും. അങ്ങനെ പിറകോട്ടുനോക്കുമ്പോൾ ഈ അധികാരം റോമിലെ മാർപാപ്പായിൽനിന്ന് ആരംഭിക്കുന്നതു കാണാം. എന്നാൽ, അതു കൃത്യമായി കാണുന്നത് എഫേസൂസ്, കാൽസിഡൻ കൗൺസിലുകളോടുകൂടിയാണ്.

**2. സിൽവെസ്റ്റർ മാർപാപ്പാ**

പുതിയ മാർപാപ്പാ സിൽവെസ്റ്ററും തന്റെ മുൻഗാമിയുടെ പാത ഇക്കാര്യത്തിൽ തുടരുമോ എന്ന ആശങ്ക അന്നുണ്ടായിരുന്നു. മാത്രവുമല്ല, അധികാരത്തിലേക്കു വന്നയുടനെ ആയതുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനശൈലി എന്താണെന്ന് ആളുകൾക്കു ബോധ്യമാവുന്നതേ ഉണ്ടായിരുന്നുള്ളൂ. 325 ലെ നിഖ്യാകൗൺസിലിലും സിൽവെസ്റ്റർ മാർപാപ്പാ പങ്കെടുത്തില്ല. കാരണം, പ്രായാധിക്യമാണ് എന്നാണ് *Liber Pontificales* എന്ന ഗ്രന്ഥത്തിൽ കാണുന്നത്. പകരം; രണ്ടു വൈദികരെ പ്രതിനിധികളായി അയയ്ക്കുകയാണു ചെയ്തത്. അവർക്കും ഈ കൗൺസിലിൽ മുൻഗണന (precedence) നൽകിയില്ലെങ്കിലും മറ്റെല്ലാ മെത്രാന്മാർക്കും മുമ്പിൽവച്ച് ഇവരാണ് കൗൺസിൽതീരുമാനങ്ങൾക്കു താഴെ ഒപ്പിട്ടത്. അന്ന് റോമിലെ മാർപാപ്പായുടെ അധികാരം അംഗീകരിച്ചു എന്നതിനു തെളിവായി ഇതു കണക്കാക്കാനാവും. പിന്നീടുണ്ടായ മറ്റു കൗൺസിലുകളിലും മാർപാപ്പായുടെയോ പ്രതിനിധികളുടെയോ ഒപ്പ് കൗൺസിൽതീരുമാനങ്ങളുടെ നിയമസാധുതയ്ക്ക് ആവശ്യമായിവന്നു. 318 പേർ ഈ കൗൺസിലിൽ പങ്കെടുത്തെന്നാണ് പൊതുവേയുള്ള വിശ്വാസം.

പേർഷ്യയിൽനിന്ന് ഒരു മെത്രാൻ ഇതിൽ പങ്കെടുത്തു എന്നു കാണുന്നു. എന്നാൽ, ഷീസ്യയിൽനിന്ന് ആരും വന്നില്ല. പോന്തസ്, ഗലേഷ്യ, കപ്പഡോഷ്യ, ഏഷ്യ, ഫ്രീജിയ, പംഫീലിയ എന്നിവിടങ്ങളിൽനിന്നു വന്നവർ ഏറ്റവും പ്രശസ്തരായ മെത്രാന്മാരായിരുന്നു. ത്രെയിസ്, മാസിഡോണിയ, അക്കായിയ, എപ്പിറസ് എന്നിവിടങ്ങളിൽനിന്നും വളരെ ദൂരസ്ഥലങ്ങളിൽനിന്നും മെത്രാന്മാർ എത്തി. സ്പെയിനിൽനിന്നു വന്ന കൊർദോവയിലെ ഹോസിയൂസ് ആയിരുന്നു ഈ സിനഡിലെ ഒരു പ്രധാന വ്യക്തി എന്നും കൗൺസിൽചരിത്രം പറയുന്നു. എന്നാൽ, റോമിലെ മെത്രാൻ സിൽവസ്റ്റർ വന്നില്ല; പകരം പ്രതിനിധികളായി വീത്തൂസ്, വിൻസെന്റ് എന്നീ രണ്ടു വൈദികർ എത്തി. അവർ രണ്ടുപേരെ കൂടാതെ വേറേ അഞ്ചു പേർകൂടിമാത്രമേ പാശ്ചാത്യറോമാസാമ്രാജ്യത്തിൽനിന്ന് ഇതിൽ പങ്കെടുത്തുള്ളൂ. കൊർദോവയിലെ ഹോസിയൂസ്, കാർത്തേജിലെ ചെച്ചീലിയൻ, കലാബ്രിയായിലെ മാർക്കോസ്, ദിയോനിലെ നിക്കോസിയൂസ്, പന്നോണിയായിലെ ദോമിനൂസ് എന്നിവരായിരുന്നു ആ അഞ്ചുപേർ.

‘കർത്താവിന്റെ മുറിവുകളെ സ്വന്തം ശരീരത്തിൽ വഹിച്ചിരുന്ന ചിലരും’ ഇതിൽ പങ്കെടുത്തു എന്ന് എഴുതിയിട്ടുണ്ട്. അത് അർഥമാക്കുന്നത്, ഡയക്ലീഷ്യന്റെ കാലത്ത് (284-305) മതപീഡനംമൂലം സാരമായ പരിക്കേറ്റവർ എന്നാണ്. മതപീഡനകാലത്ത് ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി വളരെയേറെ സഹിച്ചവരിൽ ചിലരാണിവർ. അതിൽ ഒരാളായിരുന്നു യൂഫ്രട്ടീസിലെ നെയോചെസാരിയായിലെ പോൾ. അദ്ദേഹത്തിന്റെ കൈകൾക്കു സ്വാധീനമില്ലായിരുന്നു. ചുട്ടുപഴുപ്പിച്ച കമ്പി അദ്ദേഹത്തിന്റെ കൈയിൽവച്ചാണു പീഡിപ്പിച്ചത്. ഈജിപ്തിൽനിന്നുവന്ന പഫ്നൂസിയൂസിന്റെ ഒരു കണ്ണിനു കാഴ്ചയില്ലായിരുന്നു. മാക്സിമീനൂസിന്റെ കാലത്തെ മതപീഡനാവസരത്തിലാണ് അദ്ദേഹത്തിന്റെ ഒരു കണ്ണ് കുത്തിത്തുരന്നത്. അന്നത്തെ മാർപാപ്പായായിരുന്ന സിൽവെസ്റ്ററും ഡയക്ലീഷ്യന്റെ മതപീഡനകാലത്ത് വളരെയേറെ സഹിച്ച വ്യക്തിയാണ്.

**3. പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാനായ ജോൺ**

ഈ കൗൺസിലിൽ ഇന്ത്യയിൽനിന്ന് ഒരു മെത്രാൻ പങ്കെടുത്തുവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അതിനു കാരണം, ഈ കൗൺസിലിൽ പങ്കെടുത്തവരിൽ ഒരാൾ ‘പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാൻ’ എന്നാണ് ചില ചരിത്രരേഖകളിൽ കാണുന്നത്. നിഖ്യാകൗൺസിലിന്റെ യഥാർഥ (original) രേഖകൾ സൂക്ഷിച്ചുവയ്ക്കപ്പെട്ടിട്ടില്ല. കാരണം, ചിലർ അഭിപ്രായപ്പെടുന്നത് കൗൺസിലിലെ സെക്രട്ടറിമാർ സൂക്ഷിച്ചുവയ്ക്കത്തക്ക രീതിയിൽ രേഖപ്പെടുത്തിയില്ല എന്നാണ്. എങ്കിലും, കൗൺസിലിനെപ്പറ്റിയുള്ള കാര്യങ്ങൾ മിക്കതും മറ്റു രേഖകളിൽനിന്നും അതിൽ പങ്കെടുത്തവരുടെ കുറിപ്പുകളിൽനിന്നും വ്യക്തമാണ്.

ഈ കൗൺസിലിൽ പങ്കെടുത്തവരുടെ ഒരു ലിസ്റ്റ് സിക്കിക്കൂസിലെ ജലാസിയൂസ് 475 ൽ തയ്യാറാക്കുന്നുണ്ട്. *Patrologia Greca* വാല്യം 85 ൽ 1314 മുതലുള്ള പേജുകളിൽ ഇതു കാണാം. ഈ ലിസ്റ്റിൽ അദ്ദേഹം എഴുതുന്നത് നിഖ്യായിൽ പങ്കെടുത്ത ഒരു മെത്രാൻ ‘പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാനായ ജോൺ’ എന്നാണ്. കൗൺസിലിനുശേഷം ആദ്യമായി ഔദ്യോഗികമായി ലിസ്റ്റ് തയ്യാറാക്കുന്നത് ജലാസിയൂസാണ്. മാത്രവുമല്ല, മെത്രാന്റെ പേരുകൂടി കൃത്യമായി രേഖപ്പെടുത്തുന്നു. എങ്കിൽ ‘പേർഷ്യയുടെയും ഇന്ത്യയുടെയും’ എന്നുള്ളത് കൂടുതൽ വിശ്വാസ്യമാണ്.

നിഖ്യാകൗൺസിലിനെപ്പറ്റി പഠനം നടത്തിയ ഗസ്ലർ എന്ന ചരിത്രകാരൻ ഈ ലിസ്റ്റിനെപ്പറ്റി കൂടുതൽ പഠിച്ചു. അദ്ദേഹം പറയുന്നത് ജലാസിയൂസ് 475 ൽ ഈ ലിസ്റ്റ് തയ്യാറാക്കുന്ന കാലത്ത് പേർഷ്യൻസഭയും ഇന്ത്യൻസഭയുമായി ബന്ധപ്പെട്ടുകഴിഞ്ഞിരുന്നു; പേർഷ്യയിൽനിന്ന് മെത്രാന്മാരും ഇന്ത്യയിലേക്കു വന്നുതുടങ്ങിയിരുന്നു എന്നാണ്. 410 ൽ സെലൂഷ്യായിൽ നടന്ന മാർ ഐസക്കിന്റെ സിനഡിനുശേഷമോ, സിനഡോടുകൂടിയോ ആണ് ഔദ്യോഗികമായി സെലൂഷ്യൻസഭ മെത്രാന്മാരെ കേരളത്തിലേക്ക് അയച്ചുതുടങ്ങിയത്. അതിനാൽ, നാലാം നൂറ്റാണ്ടിന്റെ അന്ത്യംവരെ ഇന്ത്യയിലെ സഭ സ്വതന്ത്രമായിരുന്നു; അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭംമുതലാണ് ഹയരാർക്കിക്കൽബന്ധം പേർഷ്യൻസഭയുമായി സ്ഥാപിക്കപ്പെടുന്നത്. എങ്കിൽ, ജലാസിയൂസ് 475 ൽ ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് പേർഷ്യയിലെ മെത്രാന് ഇന്ത്യയിലെ സഭയുടെമേലും അധികാരം ആയിക്കഴിഞ്ഞിരുന്നു.

*ശേഷം 14-ാം പേജിൽ*

# നാശത്തിന്റെ സന്തതികൾ നരകപാലം പണിയുമ്പോൾ



തോമസ് കുഴിഞ്ഞാലിൽ

“എവിടെയും ചിന്നിച്ചിതറിയ മാംസക്കഷണങ്ങൾ, ചിതറിത്തെറിച്ച ചോരയും എല്ലിൻകഷണങ്ങളും” ഈ വർഷത്തെ പുതുവർഷപ്പുലരിയിൽ യു എസിലെ ന്യൂ ഓർലിയൻസ് നഗരത്തിൽ അരങ്ങേറിയ ഭീകരാക്രമണം നേരിൽക്കണ്ട പതിനെട്ടുകാരനായ കെവിൻ ഗ്രാസിയ സി എൻ എന്നിനു നല്കിയ വിവരണത്തിന്റെ പ്രസക്തഭാഗമാണ് ഈ ലേഖനത്തിന്റെ തലക്കെട്ടായി നൽകിയത്.

അസാധാരണമായുണ്ടായ തിക്കും തിരക്കും, തുടർന്നു വെടിയൊച്ചയും കേട്ട സ്ഥലത്തേക്കു തിരിഞ്ഞുനോക്കിയ കെവിനും രണ്ടു സുഹൃത്തുക്കളും ഭയാനകമായ ആ കാഴ്ച കണ്ടു. “വാഹനം ഇടിച്ചുതെറിപ്പിച്ച ഒരു ശരീരം എന്റെ നേരേ പാഞ്ഞുവരുന്നുകണ്ട് ഞാൻ ഒഴിഞ്ഞുമാറി. മാംസക്കഷണങ്ങൾ ചിതറിക്കിടക്കുന്നതിനിടയിലൂടെ വല്ല വിധേനയുമാണു രക്ഷപ്പെടാൻ കഴിഞ്ഞത്.” കെവിൻ വിവരിച്ചു.

ന്യൂ ഓർലിയൻസിലെ തിരക്കേറിയ ഫ്രഞ്ചു ക്വാർട്ടറിലെ ബോർബൺ സ്ട്രീറ്റിൽ പുലർച്ച 3.15 നായിരുന്നു രാജ്യത്തെ നടുക്കിയ സംഭവം. പുതുവത്സരാഘോഷം കഴിഞ്ഞു നടപ്പാതയിലൂടെ നടന്നുനീങ്ങിയ ജനക്കൂട്ടത്തിലേക്കു ഫോർഡുകമ്പനിയുടെ ഒരു പിക്കപ്പ് ട്രക്ക് അമിതവേഗത്തിൽ ഓടിച്ചുകയറ്റുകയായിരുന്നു. പരമാവധി ആളുകളെ ഇല്ലായ്മ ചെയ്യുകയെന്ന ലക്ഷ്യത്തോടെയുള്ള ആക്രമണത്തിൽ പതിനഞ്ചുപേർ കൊല്ലപ്പെടുകയും മുപ്പതിലേറെപ്പേർക്ക് ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു.

പുതുവർഷാഘോഷങ്ങൾക്കു പേരുകേട്ട വിനോദകേന്ദ്രമാണ് ന്യൂ ഓർലിയൻസിലെ ഫ്രഞ്ചു ക്വാർട്ടർ. സംഭവസ്ഥലത്തുണ്ടായിരുന്ന മുന്നൂറു പൊലീസുകാരിൽ രണ്ടു പേർക്ക് അക്രമിയുടെ വെടിയേറ്റെങ്കിലും തുടർന്നു നടന്ന വെടിവയ്പിൽ അയാളെ വധിക്കാൻ പൊലീസിനു കഴിഞ്ഞു. 2007 മുതൽ 2015 വരെ സൈന്യത്തിൽ സേവനം ചെയ്ത അമേരിക്കൻ പൗരത്വമുള്ള ടെക്സസുകാരനായ 42 കാരൻ ഷംസുദ്ദീൻ ജബ്ബാറാണ് കൃത്യം നിർവഹിച്ചതെന്നു തിരിച്ചറിഞ്ഞു. ഭീകരാക്രമണത്തിനുപയോഗിച്ച ട്രക്കിൽനിന്നു തോക്കുകളും ട്രക്കിനു പിന്നിൽ കെട്ടിയിരുന്ന ഐ എസിന്റെ കറുത്ത പതാകയും കണ്ടെടുത്തു. ഫ്രഞ്ചു ക്വാർട്ടറിൽ പിന്നീടുനടത്തിയ തെരച്ചിലിൽ ഏതാനും കൈത്തോക്കുകളും ബോംബുനിർമാണവസ്തുക്കളും പിടിച്ചെടുക്കുകയും ചെയ്തു.

ന്യൂഓർലിയൻസ് സംഭവത്തോടെ ഇത്തരം ഭീകരാക്രമണങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനെക്കുറിച്ചു ലോകനേതാക്കൾ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. 2001 സെപ്റ്റംബർ 11-ാം തീയതിയിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണം അമേരിക്കയ്ക്ക് ഒരു പാഠമായിരുന്നു. വ്യോമയാനചരിത്രം മറക്കാത്ത അന്നത്തെ ദുരന്തത്തിനുശേഷം ലോകരാജ്യങ്ങൾ സ്വീകരിച്ച കർശനമായ സുരക്ഷാനടപടികൾ വിമാനറാഞ്ചലുകൾ പൂർണമായും ഇല്ലാതാക്കിയതും ചരിത്രം.

### മാഡ്രിഡ് മുതൽ ന്യൂ ഓർലിയൻസ് വരെ

2004 മാർച്ച് 11-ാം തീയതി സ്പെയിൻ തലസ്ഥാനമായ മാഡ്രിഡിലെ സിറ്റിട്രെയിനുകളിൽ അൽ ക്വയ്ദ ഭീകരർ നടത്തിയ മിന്നലാക്രമണത്തിൽ 192 പേരുടെ ജീവനാണു നഷ്ടപ്പെട്ടത്. 2,000 പേർക്കു പരിക്കേറ്റു. സദ്ദാം ഹുസൈന്റെ ഭരണകാലത്ത് ഇറാക്കിലെത്തിയ അമേരിക്കൻ സൈന്യത്തെ സഹായിക്കാൻ സ്പെയിനിൽ നിന്നു സൈനികരെ നിയോഗിച്ചതിനുള്ള പ്രതികാരമായിരുന്നു ആക്രമണത്തിനു പിന്നിൽ. ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തതിനുശേഷമുള്ള ഏറ്റവും വലിയ ഭീകരാക്രമണമായിരുന്നു മാഡ്രിഡിലേത്.

2016 ജൂലൈ 14-ാം തീയതി ഫ്രാൻസിലെ നീസ് നഗരത്തിൽ 31 കാരനായ ഒരു ടുണീഷ്യൻ പൗരൻ ട്രക്കുപയോഗിച്ചു നടത്തിയ ഭീകരാക്രമണം ലോകരാജ്യങ്ങളെ നടുക്കിയ സംഭവമാണ്. രാജഭരണം അവസാനിപ്പിച്ച് ഫ്രഞ്ചുവിപ്ലവം വിജയിച്ച ‘ബാസ്റ്റിൽ ദിന’ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവരുടെയിടയിലേക്കു 19 ടൺ ഭാരമുള്ള ചരക്കുലോറി ഓടിച്ചുകയറ്റുകയായിരുന്നു. കുട്ടികളുൾപ്പെടെ 86 പേർ കൊല്ലപ്പെടുകയും 434 പേർക്കു പരിക്കേല്ക്കുകയും ചെയ്തു.

ജർമനിയിൽ അഭയംതേടിയെത്തിയ ഒരു ടുണീഷ്യക്കാരൻ 2016 ഡിസംബർ 19-ാം തീയതി ഒരു ട്രക്ക് തട്ടിയെടുത്ത് ഡ്രൈവറെ വധിച്ചശേഷം ജനക്കൂട്ടത്തിനിടയിലേക്കു വാഹനം ഓടിച്ചുകയറ്റിയ ഭീകരാക്രമണത്തിൽ 12 പേരുടെ ജീവൻ നഷ്ടമായി. സംഭവത്തിന്റെ ഉത്തരവാദിത്വം ഐ എസ് ഏറ്റെടുത്തതിനാൽ അത് ‘ജിഹാദിസ്റ്റ് ഭീകരത’യായി എണ്ണപ്പെടുകയും ചെയ്തു.

ലണ്ടനിലെ വെസ്റ്റു മിനിസ്റ്റർ ബ്രിഡ്ജിൽ അമിതവേഗത്തിലെത്തിയ ഒരു കാർ ഇടിപ്പിച്ച് നാലു പേരെ വധിച്ചത് 2017 മാർച്ച് 22 -ാം തീയതിയായിരുന്നു. ബ്രിട്ടീഷ് പാർലമെന്റുമന്ദിരത്തിനു തൊട്ടടുത്തു നടന്ന ഈ ഭീകരാക്രമണം ഇന്നും നടുക്കുന്ന ഓർമയായി അവശേഷിക്കുന്നു.

വാഹനം ഇടിപ്പിച്ച് ആളുകളെ ഇല്ലായ്മ ചെയ്യുന്ന രീതി അമേരിക്കയിൽ അരങ്ങേറിയത് 2017 മേയ് 18 നാണ്. നേവിയിൽനിന്നു വിരമിച്ച മാനസികവിഭ്രാന്തിയുള്ള റിച്ചാർഡ് റോജസ് എന്നയാൾ കാൽനടയാത്രക്കാരുടെയിടയിലേക്കു കാർ ഓടിച്ചുകയറ്റിയ ദാരുണസംഭവത്തിൽ ഒരാൾക്കു ജീവൻ നഷ്ടമാകുകയും 22 പേർക്ക് ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു. അഞ്ചു മാസങ്ങൾക്കുശേഷം ഒക്ടോബർ 31-ാം തീയതി മാൻഹട്ടൻ നഗരത്തിൽ ഒരു ഉസ്ബെക്കിസ്ഥാൻപൗരൻ നടത്തിയ ഭീകരാക്രമണത്തിൽ 11 പേരാണ് കൊല്ലപ്പെട്ടത്. ഇരുചക്രവാഹനങ്ങൾക്കുമാത്രം പ്രവേശനമുള്ള പാതയിലേക്ക് ഒരു ട്രക്ക് ഓടിച്ചുകയറ്റുകയായിരുന്നു. 2022 ലെ ക്രിസ്മസ് അവധിക്കാലത്ത് അമേരിക്കയിലെ തന്നെ വിസ്കോൺസിനിൽ വാഹനമുപയോഗിച്ചു നടത്തിയ തീവ്രവാദി ആക്രമണം ആറു പേരുടെ ജീവനെടുത്തു.

കാനഡയിലെ ടൊറോന്റോയിൽ 2018 ഏപ്രിൽ 23 ന് വാടകയ്ക്കെടുത്ത ഒരു വാൻ ഇടിപ്പിച്ച് 11 പേരെയും, 2021 ജൂൺ 14 ന് ഒൺടേറിയോയിൽ ട്രക്ക് ഓടിച്ചുകയറ്റി ഒരു മുസ്ലീംകുടുംബത്തിലെ നാലു പേരെയും വധിച്ചു.

ന്യൂ ഓർലിയൻസിൽ ഭീകരാക്രമണം നടത്തിയ ഷംസുദീൻ ജബ്ബാർ പദ്ധതികളെല്ലാം ആസൂത്രണം ചെയ്തത് ഒറ്റയ്ക്കാണെന്നു കണ്ടെത്തി. എന്നാൽ, ആക്രമണത്തിനുമുമ്പ് സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവിട്ട വീഡിയോസന്ദേശങ്ങളിൽ താൻ ഇസ്ലാമികഭീകരസംഘടനയിൽ ചേർന്നതായും തന്റെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും വകവരുത്താനാണ് ആദ്യം പദ്ധതിയിട്ടിരുന്നതെന്നും വെളിപ്പെടുത്തിയിരുന്നു. ഇറാക്കിലും സിറിയയിലുമുള്ള ഐ എസ് പോരാളികളോടുള്ള ഐക്യദാർഢ്യവും അയാൾ ഫേസ്ബുക്കിലൂടെ പുറംലോകത്തെ അറിയിച്ചിരുന്നു. സൈനികനായിരിക്കേ വിവരസാങ്കേതികവിദ്യയിൽ വൈദഗ്ധ്യം തെളിയിച്ച ജബ്ബാർ, മികച്ച സേവനത്തിനും, സർവോപരി, സൽസ്വഭാവത്തിനും മെഡലുകൾ വാരിക്കൂട്ടിയ വ്യക്തിയുമായിരുന്നു. ഗാസയിൽ ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതി കൂടുതൽപേരെ, പ്രത്യേകിച്ചു യുവാക്കളെ സംഘടനയിലേക്ക് ആകർഷിക്കുമെന്ന് ഐ എസ് നേതൃത്വം കണക്കുകൂട്ടുന്നതായി കരുതപ്പെടുന്നുണ്ട്. നൂറു ശതമാനവും ഐഎസ് ഭീകരനായി മാറിക്കഴിഞ്ഞിരുന്ന ജബ്ബാർ ‘വിശ്വാസികളും അവിശ്വാസി’കളുമായി നടക്കുന്ന യുദ്ധത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ അഭിമാനിക്കുകയും ചെയ്തിരുന്നു.

പുതുവർഷനാളിൽത്തന്നെ ലാസ് വെഗാസിലുള്ള ട്രംപ് ഇന്റർനാഷണൽ ഹോട്ടലിനുമുമ്പിൽ പാർക്കു ചെയ്തിരുന്ന ടെസ്ല കമ്പനിയുടെ ഒരു സൈബർ ട്രക്ക് പൊട്ടിത്തെറിച്ച് ഒരാൾ മരിക്കുകയും ഏഴു പേർക്കു പരിക്കേല്ക്കുകയും ചെയ്ത സംഭവമുണ്ടായി. ന്യൂ ഓർലിയൻസിലെയും ലാസ് വെഗാസിലെയും ഭീകരാക്രമണങ്ങൾ നടന്നത് മണിക്കൂറുകളുടെ വ്യത്യാസത്തിൽ ഒരുദിവസം തന്നെയായിരുന്നെങ്കിലും രണ്ടു സംഭവങ്ങളുമായി പരസ്പരബന്ധം ഇല്ലെന്നാണ് അന്വേഷണത്തിൽ തെളിഞ്ഞത്. രണ്ടു നഗരങ്ങളും തമ്മിൽ 1,724 കിലോമീറ്റർ അകലവുമുണ്ട്. എന്നാൽ, ഷംസുദീൻ ജബ്ബാറും, ലാസ് വെഗാസിൽ ആക്രമണം നടത്തിയ മാത്യു ലിവെൽസ്ബെർഗെറും അഫ്ഗാനിസ്ഥാനിലെ ഒരേ സൈനികക്യാമ്പിൽ ഒരേ കാലഘട്ടത്തിൽ സേവനം ചെയ്തിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്.




*ന്യൂ ഓർലിയൻസിൽ ഭീകരാക്രമണം നടന്ന സ്ഥലം പൊലീസ് പരിശോധിക്കുന്നു.*

ഷംസുദീൻ ജബ്ബാർ അമേരിക്കൻ പൗരത്വമുള്ള ടെക്സസുകാരനാണെങ്കിലും ന്യൂ ഓർലിയൻസിലെ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ട്രംപ് വിരൽചൂണ്ടിയത് അമേരിക്കയിലെ അനധികൃതകുടിയേറ്റക്കാരുടെ നേരേയാണ്. അനധികൃതകുടിയേറ്റക്കാരെയെല്ലാം പുറത്താക്കുമെന്നു ഭീഷണിപ്പെടുത്തിയിട്ടുള്ള അദ്ദേഹം ഒരിക്കൽ സൂചിപ്പിച്ചത് ഇപ്രകാരമായിരുന്നു: “പുറംരാജ്യങ്ങളിൽനിന്ന് അമേരിക്കയിലേക്കു കടന്നുവരുന്ന കുറ്റവാളികൾ അകത്തുള്ള കുറ്റവാളികളെക്കാൾ അപകടകാരികളാണ്.”

അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഈ മാസം 20-ാം തീയതി സ്ഥാനമേല്ക്കുന്ന ഡൊണാൾഡ് ട്രംപ്, ജോ ബൈഡന്റെ ദീർഘവീക്ഷണമില്ലായ്മയെയും കഴിവുകേടിനെയും കുറ്റപ്പെടുത്തി സംസാരിച്ചുകൊണ്ടേയിരിക്കുന്നു. മെക്സിക്കോയുമായുള്ള 3,200 കിലോമീറ്റർ ദൈർഘ്യമുള്ള അതിർത്തി മതിലുകെട്ടി ഭദ്രമാക്കിയാൽ അനധികൃതകുടിയേറ്റം ഗണ്യമായി കുറയ്ക്കാമെന്നാണ് പുതിയ പ്രസിഡന്റ് ഉറച്ചുവിശ്വസിക്കുന്നത്.

■



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# വഷളന്മാരെ ഇരുമ്പഴിക്കുള്ളിലാക്കണം

നേർമൊഴി

ആർഷഭാരതം ദൈവഭയമുള്ളവരുടെയും ഗുരുഭക്തിയുള്ളവരുടെയും ഏകോദരസഹോദരചിന്തയുള്ളവരുടെയും എല്ലാവരെയും ഉൾക്കൊള്ളുന്നവരുടെയും നാടാണ്. ആർഷസംസ്കാരം സർവാദരണീയമാകാൻ കാരണം ഈ നന്മകളാണ്. എന്നാൽ, മാറ്റത്തിന്റെ കുത്തൊഴുക്കിൽ പൂർവികർ കാത്തുവച്ച പല നന്മകളും നമുക്കു കൈമോശം വന്നിരിക്കുന്നു. പരസ്പരസഹായവും ബഹുമാനവും അപ്രത്യക്ഷമായിരിക്കുന്നു. പരസ്പരവിശ്വാസവും സഹകരണവും സാക്ഷാത്കരിക്കാനാവാത്ത സ്വപ്നംപോലെ അകന്നുനിൽക്കുന്നു. സൗഹൃദത്തിന്റെ നാദം നിലച്ചു; കാരുണ്യത്തിന്റെ ഉറവകൾ വറ്റി, ഐക്യത്തിന്റെ കണ്ണികൾ പൊട്ടി. അതിന്റെ പ്രതിഫലനങ്ങൾ പൊതുസമൂഹത്തിൽ വ്യക്തമാണ്. നേതാക്കന്മാർ തമ്മിൽ കൊലവിളിയും കയ്യാങ്കളിയും. ക്വട്ടേഷൻ സംഘങ്ങളുടെ ഭീഷണിപ്പെടുത്തുന്ന വിളയാട്ടം. നേതാക്കന്മാർക്കും സെലിബ്രിറ്റികൾക്കും പ്രത്യേകം പ്രത്യേകം സൈബർ സേനകൾ. സൈബർഗുണ്ടായിസത്തിനു വിധേയരാകുന്നവരുടെ ദീനവിലാപങ്ങൾ. അഴിഞ്ഞാട്ടക്കാരെയും നിയമം കൈയിലെടുക്കുന്നവരെയും നിയന്ത്രിക്കാൻ മടിക്കുന്ന ഭരണനേതൃത്വം. ഇതിനെല്ലാമിടയിൽ വേനൽമഴപോലെ കഴിഞ്ഞദിവസം ഒരു ആശ്വാസവാർത്ത പുറത്തുവന്നു. മലയാളത്തിലെ ഒരു നടിയുടെ പരാതിയിൽ സോഷ്യൽ മീഡിയായിൽ തരംഗവും സ്വർണക്കച്ചവടക്കാരനുമായ ഒരു മാന്യദേഹത്തെ പൊലീസ് അറസ്റ്റു ചെയ്തു. കോടതി 14 ദിവസത്തേക്കു റിമാൻഡ് ചെയ്തു.

പൊലീസിന്റെയും കോടതിയുടെയും ഈ നടപടി സാധാരണക്കാരിൽ പ്രതീക്ഷ ജനിപ്പിച്ചിട്ടുണ്ട്. വലിയ സമ്പന്നരും പൊതുസമൂഹത്തിൽ അറിയപ്പെടുന്നവനും ഫാൻസ് അസോസിയേഷനുകളും മറ്റ് അനുബന്ധസ്വാധീനശേഷികളുമുള്ള ഒരാളെ വഴിയിൽ തടഞ്ഞിട്ട് അറസ്റ്റു ചെയ്യാനും ജാമ്യമില്ലാവകുപ്പുകൾ ചേർത്തു കോടതിയിൽ സമർപ്പിക്കാനും പൊലീസ് കാണിച്ച ആർജവം പ്രശംസനീയമത്രേ. മുഖ്യമന്ത്രി അത് ആഗ്രഹിച്ചിരുന്നെന്നുവേണം കരുതാൻ. അല്ലെങ്കിൽ ഇത്രയും പെട്ടെന്ന് ഒരു നീക്കം പൊലീസിന്റെ പക്കൽനിന്നുണ്ടാവുകയില്ല. സൈബർ ആക്രമണവും ഭീഷണിയും മറ്റ് അപകടസാധ്യതകളും ഉണ്ടാകാനിടയുണ്ടെന്നറിഞ്ഞിട്ടും കേസുകൊടുക്കാൻ മടികാണിക്കാതിരുന്ന നടിയുടെ ധൈര്യവും അംഗീകരിച്ചുകൊടുക്കേണ്ടതുതന്നെ. അവരുടെ രണ്ടും കല്പിച്ചുള്ള നടപടി കേരളത്തിലെ സാധാരണക്കാരായ സ്ത്രീകൾക്ക് ആശ്വാസവും ആത്മവിശ്വാസവും നൽകുന്നതാണ്.

അറസ്റ്റു ചെയ്യപ്പെട്ട സ്വർണക്കച്ചവടക്കാരന്റെമേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിസ്സാരമല്ല. സ്ത്രീത്വത്തെ അപമാനിക്കൽ, ലൈംഗികച്ചുവയുള്ള ദ്വയാർഥപ്രയോഗങ്ങൾ, തെറ്റായ ഉദ്ദേശ്യത്തോടെയുള്ള സ്പർശനങ്ങൾ, സൈബർ ആക്രമണം തുടങ്ങിയ ഗൗരവതരമായ കുറ്റങ്ങളിൽനിന്നു പണത്തിനോ സ്വാധീനത്തിനോ കുറ്റവാളിയെ മാന്യതയുടെ കുപ്പായമണിയിക്കാനാവുകയില്ല. പൊലീസ് പിടിയിലായപ്പോൾപ്പോലും യാതൊരു കൂസലുമില്ലാതെയാണ് അയാൾ പ്രതികരിച്ചത്. വാക്കുകളിൽ ധിക്കാരവും ശരീരഭാഷയിൽ പൊലീസും നിയമവും പൊതുസമൂഹവും തനിക്ക് ഒരു ചുക്കുമില്ലെന്ന ഭാവവുമുണ്ടായിരുന്നു. താൻ തെറ്റൊന്നും ചെയ്തിട്ടില്ല. കുറ്റബോധം തെല്ലുമില്ല എന്നൊക്കെ സ്വയം നീതീകരിച്ചത് അതിന്റെ തെളിവാണ്. പ്രഗല്ഭനായ വക്കീലിന്റെ സഹായമുണ്ടായിട്ടും ജാമ്യം നിഷേധിക്കപ്പെട്ടപ്പോൾ കളി മാറിയെന്നതാണു സത്യം. കോടതി മുറിയിൽ തലകറങ്ങി ഇരുന്നു എന്നാണ് തത്സമയറിപ്പോർട്ട്. വാഷ്റൂമിൽ പോയി എന്നും വാർത്തയുണ്ടായി. ഇതൊക്കെ സൂചിപ്പിക്കുന്നത് പുറമേ പ്രകടിപ്പിച്ച കരുത്ത് അകത്തുണ്ടായിരുന്നില്ലെന്നാണ്.

അറസ്റ്റിനു വിധേയനായ മാന്യൻ ആദ്യമായിട്ടല്ല ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നത്. സ്വർണക്കച്ചവടത്തിനുവേണ്ടി സെലിബ്രിറ്റികളെയും സിനിമാനടിമാരെയും അവതരിപ്പിച്ച് വലിയ ജനക്കൂട്ടം സൃഷ്ടിക്കുന്നതിൽ അയാൾ വിജയിച്ചിട്ടുണ്ട്. ഫുട്ബോൾ ഇതിഹാസം മറഡോണയെകൊണ്ടുവന്ന് കേരളത്തിൽ തരംഗം സൃഷ്ടിച്ചു. കൂട്ടയോട്ടങ്ങൾ നടത്തി ശ്രദ്ധനേടി. അതിനുശേഷമാണ് നടിമാരിലേക്കു തിരിഞ്ഞത്. അഭിനയശേഷിയെക്കാൾ അയാൾ വിലമതിച്ചത് അംഗവടിവാണെന്നുമാത്രം. അങ്ങനെ ഒന്നിലധികം ചടങ്ങുകളിൽ മുഖ്യതാരമായി പങ്കെടുത്ത നടിതന്നെ പരാതിയുമായി രംഗത്തുവന്നത്. സ്ഥാനത്തും അസ്ഥാനത്തും ദ്വയാർഥപ്രയോഗങ്ങൾ നടത്തുന്ന മാന്യൻ സംസ്കാരമുള്ളവർ പുച്ഛത്തോടെ കണ്ടിരുന്ന വ്യക്തിയാണ്. ഇന്റർവ്യൂകളിലും ചായക്കടസംഭാഷണങ്ങളിലും പോലും ദ്വയാർഥപ്രയോഗങ്ങളും ആഭാസധ്വനിയുള്ള അംഗവിക്ഷേപങ്ങളും നടത്തി സ്വന്തം വലുപ്പം കുറച്ച നിർഭാഗ്യവാനാണയാൾ. തെരുവിലെ സംസാരരീതിയും പ്രവർത്തശൈലിയുമല്ല, സമ്പത്തും പൊതുജനസമ്പർക്കവുമുള്ളവരിൽനിന്നു പ്രതീക്ഷിക്കുക. പ്രതീക്ഷയുടെ ഒരു ചില്ലുകൊട്ടാരമാണ് ആ മനുഷ്യൻ തച്ചുടച്ചത്.

സമൂഹത്തിൽ കേമനായി കണക്കാക്കപ്പെട്ടിരുന്ന ഒരു മനുഷ്യനെതിരേ മുഖം നോക്കാതെ മാതൃകാപരമായ ശിക്ഷണനടപടികൾ സ്വീകരിച്ച കോടതി സമൂഹത്തെ നേർവഴിയിലേക്കു നയിക്കുന്ന ഒരു ഗുരുവായി മാറുകയായിരുന്നു. സാമൂഹികമുന്നേറ്റത്തിനും നവോത്ഥാനത്തിനും കോടതികൾ മുൻകൈയെടുക്കുന്നത് ആശാവഹമാണ്. കേരളത്തിന്റെ സാംസ്കാരികപരിസരത്തെ മാലിന്യങ്ങളെ ആരെങ്കിലും നീക്കംചെയ്തേ മതിയാവൂ. വോട്ടുതേടുന്ന നേതാക്കന്മാർക്കോ സ്വന്തം കാര്യംമാത്രം നോക്കുന്ന ബുദ്ധിജീവികൾക്കോ അതു സാധ്യമല്ല. ആരെയും ഭയപ്പെടാനില്ലാത്ത കോടതികൾക്കാണ് അതു സാധിക്കുന്നത്. പൊതുസമൂഹത്തിൽനിന്നു വലിയ പിന്തുണയാണ് കോടതിക്കു ലഭിക്കേണ്ടത്. വഷളന്മാരെ അഴിഞ്ഞാടാൻ അനുവദിച്ചുകൂടാ.

■

# സത്യവിശ്വാസം സംരക്ഷിക്കാൻ

*10-ാം പേജ് തുടർച്ച*

അതിനാൽ, കൗൺസിലിന്റെ കാലത്തും ഇന്ത്യയിലെ സഭയുടെ അധികാരി പേർഷ്യയിലെ പാത്രിയാർക്കീസാണ് എന്ന അനുമാനത്തിലാണ് അദ്ദേഹം ഇങ്ങനെ 'പേർഷ്യയിലെയും ഇന്ത്യയിലെയും മെത്രാനായ ജോൺ' എന്ന് എഴുതുന്നത്. അതിനാൽ, ഇന്ത്യയിലെ സഭയ്ക്കും നിഖ്യാസൂനഹദോസിൽ പ്രാതിനിധ്യം കൊടുക്കുന്നത് ചരിത്രപരമായി തെറ്റായി കണക്കാക്കാനാവില്ല എന്നും ഇന്ത്യയിലെ സഭയുടെ നാലാം നൂറ്റാണ്ടിലെയും അതിനുമുമ്പുമുള്ള അസ്തിത്വത്തെ അംഗീകരിക്കലാണ് അതെന്നും ന്യായമായി പറയാനാവും.

**4. കൗൺസിലിന്റെ സമാപനം**

രണ്ടുമാസം നീണ്ടുനിന്ന ഈ കൗൺസിൽ അവസാനിക്കുന്നത്, പങ്കെടുത്ത മെത്രാന്മാർക്ക് ചക്രവർത്തി ഒരുക്കിയ ഒരു വലിയ വിരുന്നോടെയാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തിയായതിന്റെ ഇരുപതാം വാർഷികദിനമായിരുന്നു അന്ന്. അതിന്റെ ആഘോഷമായിരുന്നു ഈ വിരുന്ന്. വളരെ വിഭവസമൃദ്ധവും രാജകീയപ്രൗഢി കാണിക്കുന്നതുമായിരുന്ന ഈ വിരുന്നാഘോഷത്തെപ്പറ്റി എവുസേബിയൂസ് പറയുന്നത് 'ഇതൊരു യാഥാർഥ്യമല്ല, സ്വപ്നമായിരുന്നുവെന്നു തോന്നിപ്പോയി' എന്നാണ്. നീണ്ടകാലത്തെ മതപീഡനത്തിൽനിന്നു വിമുക്തമായ ഒരു സഭയുടെ ആശ്വാസവും അതിനു വഴിയൊരുക്കിയ കോൺസ്റ്റന്റൈൻചക്രവർത്തിയുടെ സാമ്രാജ്യമായ റോമിന്റെ പ്രൗഢിയും കാണിക്കുന്നതായിരുന്നു ഈ ആഘോഷം. ഇതു സംബന്ധിച്ച് സൊസോമെൻ എഴുതുന്നു: "അദ്ദേഹം അവർക്ക് ഉചിതമായ സമ്മാനങ്ങൾ നൽകി. അവർ മടക്കയാത്രയ്ക്ക് ഒരുങ്ങിയപ്പോൾ, അവരെ വിളിച്ചുകൂട്ടി, ഭാവിയിൽ അവരുടെ ഇടയിൽ യാതൊരു വിഭജനവും നുഴഞ്ഞുകയറാതിരിക്കാൻ ഏകമനസ്സും ഏകവിശ്വാസവും പുലർത്തി സമാധാനത്തിൽ കഴിയണമെന്ന് ഉപദേശിച്ചു. ഇത്തരം നിരവധി ഉപദേശങ്ങൾക്കുശേഷം, പ്രാർഥനയിൽ ശ്രദ്ധാലുക്കളായിരിക്കണമെന്നും തനിക്കും മക്കൾക്കും സാമ്രാജ്യത്തിനുംവേണ്ടി എപ്പോഴും പ്രാർഥിക്കണമെന്നും അദ്ദേഹം ഉപസംഹരിച്ചു. അതിനും പുറമേ, അലക്സാണ്ട്രിയൻ സഭയ്ക്ക് പ്രത്യേകമായും എഴുതി; കലഹവും വിഭജനങ്ങളും മാറ്റിവച്ച് സിനഡു പഠിപ്പിച്ച വിശ്വാസം മുറുകെപ്പിടിക്കാൻ അദ്ദേഹം അവരെ പ്രേരിപ്പിച്ചു. ഇതു ദൈവതീരുമാനമാണ്. മഹനീയരായ അനേകം വൈദികശ്രേഷ്ഠരിലൂടെ പരിശുദ്ധാത്മാവാണ് ഇവ രൂപീകരിച്ചത്. സംശയാസ്പദസംഗതികളെപ്പറ്റി സൂക്ഷ്മപരിശോധനയ്ക്കുശേഷമാണ് ഇവയെല്ലാം അംഗീകരിച്ചത് (*Ecclesiastical History,* Book 1, Ch.25).

എന്നാൽ, ആര്യനിസത്തെ തള്ളിക്കളഞ്ഞെങ്കിലും അതുകൊണ്ട് കലുഷിതമായ സഭയിൽ പൂർണസമാധാനം കൈവരിക്കാൻ ഈ കൗൺസിലിനു കഴിഞ്ഞില്ല. തുടർന്ന്, ഇതിന്റെ പേരിൽ അരനൂറ്റാണ്ടു നീണ്ടുനിന്ന പ്രശ്നങ്ങളുടെ തുടക്കംകുറിക്കലാണ് ഇവിടെ നടന്നത് എന്നു പറയുന്നവരുണ്ട്. എങ്കിലും, ഇത്തരം ഒരു കൗൺസിൽ വിളിച്ചുകൂട്ടിയതും ആര്യനിസത്തെ തള്ളിക്കളഞ്ഞതും മറ്റനേകം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിഞ്ഞതും സഭയുടെ വളർച്ചയുടെ അംഗീകാരമായി. റോമാസാമ്രാജ്യത്തിലെ മെത്രാന്മാരെ ഒരുമിച്ചുകൂട്ടിയതും സത്യവിശ്വാസം സംരക്ഷിക്കാൻ സാധിച്ചതുമെല്ലാം ഈ കൗൺസിലിന്റെ വിജയങ്ങൾ തന്നെ.

*(തുടരും)*




*11-ാം പേജ് തുടർച്ച*

ഓരോന്നു സംസാരിച്ച് അവർ വീട്ടിലെത്തി. പ്രഭാതഭക്ഷണം കഴിഞ്ഞ് എൽസ മനുവിനോടൊപ്പം പറമ്പൊക്കെ ചുറ്റി നടന്നു കണ്ടു. വിസ്തൃതമായ പറമ്പിൽ എല്ലാത്തരം കൃഷികളുമുണ്ടായിരുന്നു. തെങ്ങും വാഴയും റമ്പൂട്ടാനുമൊക്കെ വളർന്നു കുടചൂടി നിൽക്കുന്ന കാഴ്ച മനോഹരമായിരുന്നു. ഒരു പൂന്തോട്ടത്തിലൂടെ നടന്നുപോകുന്ന പ്രതീതിയായിരുന്നു. മനുവിന്റെ പപ്പ നല്ലൊരു കൃഷിക്കാരനാണെന്ന് എൽസയ്ക്കു മനസ്സിലായി.

"മനുവേട്ടനറിയാമോ കൃഷിയൊക്കെ?"

"ഓ... ഇതൊക്കെ പപ്പയുടെ വകയാ. കൃഷി ചെയ്യിപ്പിക്കാൻ എനിക്കെവിടെ നേരം?"

"നന്നായിരിക്കുന്നു. പറമ്പിൽ ഒരു പാഴ്ച്ചെടിപോലുമില്ലല്ലോ!"

"ചെല്ലുമ്പം പപ്പയെ ഒന്നഭിനന്ദിച്ചേരെ."

"ഉം." എൽസ ചിരിച്ചു.

"ങ്ഹ... അതു പോട്ടെ... ഹണിമൂണിന് നമുക്ക് എവിടാ പോകേണ്ടത്?"

"മനുവേട്ടന്റെ ഇഷ്ടം!"

"കൊടൈക്കനാലിലും ഊട്ടിയിലുമൊക്കെ പോയി നാലഞ്ചു ദിവസം അടിച്ചു പൊളിച്ചു താമസിച്ചിട്ടു പോരാം. എന്താ?"

"ഞാൻ റെഡി."

"നാളെ പുറപ്പെട്ടാലോ?"

"ആയിക്കോട്ടെ."

അടുത്ത ദിവസം കാറിൽ ഊട്ടിയിലേക്കു യാത്രയായി ഇരുവരും. പോകുന്ന വഴി മനു വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. ചിരിയും തമാശയുമായി സമയം പോയത് അറിഞ്ഞതേയില്ല.

ഊട്ടിയിലെത്തി ഹോട്ടലിൽ റൂം എടുത്തിട്ട് അവർ കുളിച്ചു ഫ്രഷായി. പിന്നെ ഭക്ഷണം കഴിച്ചിട്ട് കുറേനേരം വിശ്രമിച്ചു.

പതുപതുത്ത ഫോംബെഡിൽ ശരീരം ശരീരത്തോടു ചേർന്നു കിടക്കുമ്പോൾ എൽസ പറഞ്ഞു:

"ഇത്രയും സ്നേഹനിധിയായ ഒരു ഹസ്ബന്റിനെ കിട്ടുമെന്ന് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചതല്ല."

"നല്ലവരെ ദൈവം ഒരിക്കലും കൈവിടില്ല."

വിശേഷങ്ങൾ പറഞ്ഞ്, ഹൃദയം ഹൃദയത്തോടു ചേർത്തുവച്ച് അവർ ഒന്നുമയങ്ങി.

നാലുമണിക്ക് എണീറ്റ് ഡ്രസ് മാറി പുറത്തേക്കിറങ്ങി. പ്രകൃതിദൃശ്യങ്ങൾ കണ്ട് എല്ലായിടത്തും ചുറ്റിനടന്നു. മനോഹരമായ പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ഗാർഡനിലൂടെ മനുവിന്റെ കൈപിടിച്ചു നടക്കുമ്പോൾ എൽസ ഓർത്തു: ഇവിടെ വരാൻ പറ്റുമെന്ന് സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല.

പച്ചവിരിച്ച പുൽപ്പരപ്പിലിരുന്ന് അവർ ഹൃദയവികാരങ്ങൾ കൈമാറി. നിന്നും ഇരുന്നും സെൽഫി എടുത്തു. മാറിമാറി ഫോട്ടോകൾ എടുത്തു.

ഇരുട്ടുവീണപ്പോഴാണ് ഹോട്ടലിൽ തിരിച്ചെത്തിയത്. കുളിയും ഭക്ഷണവും കഴിഞ്ഞു ബെഡ്ഡിൽ ഒരുമിച്ചുകിടക്കുമ്പോൾ എൽസ പതിയെ വിളിച്ചു:

"മനുവേട്ടാ."

"എന്താ മോളേ?"

മനു അവളെ ചേർത്തു പിടിച്ചു.

"ഈ സ്നേഹത്തിന് ഞാനെന്താ പ്രതിഫലമായിട്ടു തരിക?"

"ഒന്നും വേണ്ട. ഈ ശരീരവും ഈ മനസ്സും മാത്രം മതി."

മനു അവളെ വികാരവായ്പോടെ ചേർത്തുപിടിച്ച് കവിളിൽ ഒരു മുത്തം നൽകി.

(തുടരും)



പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്
ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർഥികൾക്കായി
അഖില കേരളാടിസ്ഥാനത്തിൽ
സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന**
**എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ**

# ദീപനാളം സാഹിത്യോത്സവം

**പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ**
**2025 ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 10 മണിക്ക്**

## പൊതുനിബന്ധനകൾ

- കഥ, ഉപന്യാസം എന്നിവ നാലു പുറത്തിലും കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർകളർ, അക്രിലിക് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്. രചനാ മത്സരങ്ങൾക്കുള്ള പേപ്പറും ഡ്രോയിങ് ഷീറ്റും നല്കുന്നതാണ്.
- സ്കൂൾ - കോളജ് വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- ഉപന്യാസവിഷയം : **മാർ സെബാസ്റ്റ്യൻ വയലിൽ ആധുനികപാലായുടെ ശില്പി**
- കഥ, കവിത, ചിത്രരചന എന്നിവയുടെ വിഷയം മത്സര ദിവസം രാവിലെ പത്തു മണിക്ക് നല്കുന്നതാണ്. മത്സരങ്ങൾ കൃത്യം 10.30 ന് ആരംഭിക്കും.
- ഒന്നരമണിക്കൂർ ആയിരിക്കും മത്സരങ്ങൾക്കുള്ള സമയം.
- ഓരോ മത്സരയിനത്തിനും 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.
- രജിസ്ട്രേഷനുള്ള അവസാനതീയതി : ഫെബ്രുവരി 6

**വിശദവിവരങ്ങൾക്ക് : 7306874714, 9447294545**

**ഇരുപത്തയ്യായിരം രൂപയുടെ അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

**ഓരോ വിഭാഗത്തിലും മികവു തെളിയിക്കുന്നവർക്ക്**

ഒന്നാം സമ്മാനം ₹ 3001
രണ്ടാം സമ്മാനം ₹ 2001
മൂന്നാം സമ്മാനം ₹ 1001

മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.




Best wishes

**KURUMUNDAYIL JEWELLERY**
GOLD ◆ DIAMONDS ◆ BIRTH STONES ◆ SILVER

**KURUMUNDAYIL FINANCIERS**
Kattakkayam Road, Pala Tel: 04822 213693

Deepanalam Weekly
RNI No : 16998/68
Vol. 57 No. 45 Date of Publication 16 January 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org